# കേരളപാഠാവലി

# മലയാളം

## ഭാഗം 1

V



കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-245-1-MALAYALAM-5(AT)VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

കേരളപാഠാവലി

5

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

പുതുവിഭവങ്ങളും പുത്തൻ പ്രവർത്തനങ്ങളുമായി മലയാള പാഠപുസ്തകം നിങ്ങളുടെ കൈയിലെത്തുകയാണ്. രസിച്ചു വായിക്കാനും എഴുതാനും മാത്രമല്ല പറയാനും ചൊല്ലാനും വരയ്ക്കാനും കളിക്കാനും അഭിനയിക്കാനുമുള്ള ഒട്ടേറെ അവസരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

മലയാളത്തിലെ മികച്ച എഴുത്തുകാരെയും പുസ്തകങ്ങളെയും പരിചയപ്പെടാനുള്ള ഒരു വഴിയായി ഈ പാഠപുസ്തകത്തെ പ്രയോജനപ്പെടുത്തുമല്ലോ.

പുസ്തകത്തിലെ ഉള്ളടക്കം വിശാലമായ ഭാഷാലോകത്തേക്കു പ്രവേശിക്കാനുള്ള ഒരു ചുവട് മാത്രമാണ്. തുടർവായനകളിലൂടെയും ഐ.സി.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രാദേശിക വായനശാലകൾ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ചും വിദഗ്ധരുമായി ചർച്ച നടത്തിയും മാതൃഭാഷയുടെ സുന്ദരമായ തലങ്ങളിലേക്കെത്താം.

വായന പാഠപുസ്തകത്തിൽനിന്ന് മനുഷ്യജീവിതത്തിലേക്കും പ്രപഞ്ചത്തിലേക്കും ഒഴുകിപ്പരക്കട്ടെ. നിങ്ങളുടെ ഭാഷയ്ക്ക് അഴകും കരുത്തും വർധിക്കട്ടെ.

**ആശംസകളോടെ,**

**ഡോ. ജയപ്രകാശ് ആർ. കെ.**
**ഡയറക്ടർ**
**എസ്.സി.ഇ.ആർ.ടി., കേരളം**

# പാഠപുസ്തകരചന
## ശില്പശാലയിൽ പങ്കെടുത്തവർ

### അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

### ചെയർപേഴ്സൺ

**ഡോ. അജയൻ പനയറ**
അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി
കോളേജ്, തിരുവനന്തപുരം

### വിദഗ്ധർ

**ഡോ. റീജ വി.**
പ്രൊഫസർ & വകുപ്പദ്ധ്യക്ഷ, മലയാള
വിഭാഗം, കണ്ണൂർ സർവകലാശാല

**ഡോ. ലാലു വി.**
വകുപ്പദ്ധ്യക്ഷൻ, മലയാള വിഭാഗം
ഗവ. കോളേജ്, കട്ടപ്പന

**ഡോ. ശുഭ കെ.**
അസി. പ്രൊഫസർ, തുഞ്ചത്തെഴുച്ഛൻ
മലയാള സർവകലാശാല

**ഡോ. കെ രാമചന്ദ്രൻ,**
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, പാലക്കാട്

### അംഗങ്ങൾ

**പി. എം. നാരായണൻ**
റിട്ട. പ്രധാനാധ്യാപകൻ, കെ.എ.യു.പി.
സ്കൂൾ, എളമ്പുലാശ്ശേരി, പാലക്കാട്

**മനോഹരൻ കെ.**
റിട്ട. പ്രധാനാധ്യാപകൻ, എ.യു.പി. സ്കൂൾ
പുലാശ്ശേരിക്കര, പട്ടാമ്പി, പാലക്കാട്

**സുഭാഷ് വി.**
പ്രധാനാധ്യാപകൻ, ജി.എൽ.പി.എസ്.
ഇളമ്പ, തിരുവനന്തപുരം

**ഡോ. പി. കെ. ജയരാജൻ**
എച്ച്.എസ്.ടി. മലയാളം, ജി.എച്ച്.എസ്.എസ്.
ചെർക്കള സെൻട്രൽ, കാസറഗോഡ്

**ജയശ്രീദേവി ജി.**
പ്രധാനാധ്യാപിക, ഗവ. യു.പി.എസ്.
വരവൂർ, റാന്നി, പത്തനംതിട്ട

**വിനോദൻ ടി. പി.**
എൻ.എം.യു.പി.എസ്.
അക്കര, പാലക്കാട്

**ഇന്ദിരാദേവി പി.**
ട്രെയിനർ, ബി.ആർ.സി.
കൊണ്ടോട്ടി, മലപ്പുറം

**അബ്ദുൾ ജലീൽ പി.**
ജി.യു.പി.എസ്., അരിയല്ലൂർ, മലപ്പുറം

**സന്തോഷ് കെ. സക്കറിയ**
ഡയറ്റ്ലാബ് സ്കൂൾ, മായിപ്പാടി
കാസറഗോഡ്

**സുജാത പി. വി.**
റിട്ട. ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.
കൂലേരി, കാസർകോഡ്

**രാജശേഖരൻതമ്പി കെ.**
പി.ഡി. ടീച്ചർ, ജി.യു.പി.എസ്.
വെള്ളുത്തുരുത്തി, കോട്ടയം

**വിജു എൽ. എൻ.**
എച്ച്.എസ്.എസ്.ടി, ജി.ജി.എച്ച്.എസ്.എസ്.
പേരൂർക്കട, തിരുവനന്തപുരം

**ശ്രീജ പള്ളം**
ജി.എസ്.ബി.എസ്., പഴയലക്കിടി, പാലക്കാട്

**വിബിൻനാഥ് ടി. കെ.**
ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂൾ
പാലക്കാട്

**നിഷ രവീന്ദ്രൻ**
ആർടിസ്റ്റ്, മഞ്ചേരി, മലപ്പുറം

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ഡോ. ശശി എം.ടി. റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


## 1 ഇത്തിരിപ്പൂവേ കുരുന്നുപൂവേ...

മണ്ണിന്റെ കിനാവുകൾ ........ 8

കാട്ടിലെ മഴ ........ 13

ഡെയ്സിച്ചെടി ........ 17

## 2 ഒപ്പം ചിരിക്കാം ഓർത്തുചിരിക്കാം

വായുവില്ലാത്ത ലോകം ........ 24

കടങ്കഥ ........ 29

നീർനാഗം ........ 34

## 3 നടന്നുനടന്ന്, പിന്നെ പറന്നുപറന്ന്

ഇടുക്കിയുടെ താജ്മഹൽ ........ 41

ഉയരങ്ങളിലേക്കൊരു യാത്ര ........ 52

ഉണ്ണിയുടെ വിമാനയാത്ര ........ 57

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;


**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# ഇത്തിരിപ്പൂവേ കുരുന്നുപൂവേ...



മഴയും നോക്കി തിണ്ണയിൽ ഇരിക്കുമ്പോൾ തൊട്ടടുത്ത് മരക്കൊമ്പിൽ ഒരു പക്ഷി തണുത്തുവിറച്ച് ഇരിക്കുന്നു. ഭംഗിയുള്ള ചിറകുകൾ ഇടയ്ക്കിടയ്ക്ക് കുടയുന്നു. എന്നെപ്പോലെ മഴക്കാഴ്ച പക്ഷിക്കും ഒരു രസംതന്നെ!

ഇതിലെ ഏതെല്ലാം കാഴ്ചകളാണ് നിങ്ങൾക്കിഷ്ടമായത്?
ചുവടെ എഴുതിനോക്കൂ.

* ..........................................................................
* ..........................................................................
* ..........................................................................
* മഴവെള്ളം മണ്ണിൽ മറയുന്നു

പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും മണ്ണിനെ ആശ്രയിച്ചാണ് കഴിയുന്നത്. ആ മണ്ണ് എന്തെല്ലാം സ്വപ്നങ്ങൾ കാണുന്നുണ്ടാവും?

കവിത വായിക്കാം...

# മണ്ണിന്റെ കിനാവുകൾ

പൊൻവെയിലിൽ കുരുത്ത മുക്കുറ്റികൾ
പൂനിലാവു നുകർന്ന പൂത്തുമ്പകൾ
സന്ധ്യ നെഞ്ചത്തെടുത്തു ലാളിച്ചതിൻ
ചന്തമാകെപ്പകർന്ന ജമന്തികൾ.

മഞ്ഞനക്ഷത്രമെന്നപോൽ വേലിയിൽ
മഞ്ഞണിഞ്ഞു വിരിഞ്ഞ കോളാമ്പികൾ
കാറ്റിലേക്കു സുഗന്ധമെല്ലായ്പ്പൊഴും
ചേറ്റിനില്ക്കും പനിനീർമലരുകൾ.

രാത്രി പെറ്റ കുരുക്കുത്തിമുല്ലകൾ
രാജമുദ്രയണിഞ്ഞ ചെന്താരുകൾ
ഭൂമി ചാർത്തിയ കുങ്കുമപ്പൊട്ടുപോൽ
തൂമയേറിടും വാടാമലരുകൾ.



പൂക്കളെത്രയോ പൂക്കളീ ഭൂമിതൻ
മക്കളായിപ്പിറക്കുന്നു നിത്യവും!
നീലവാനം മിഴികളിലുള്ളവർ
നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ
ഏതു ചൂടിലും വാടാതെ നില്പവർ
ഏതിരുട്ടിലും മന്ദഹസിപ്പവർ...

പൂക്കൾ മണ്ണിന്റെയോമൽക്കിനാവുകൾ
പൂക്കൾ ജീവന്റെ പ്രേമപ്രതീക്ഷകൾ!

**ഭൂമി പാടുന്ന ശീലുകൾ** **പി. മധുസൂദനൻ**

## ഈണത്തിൽ താളത്തിൽ

ആദ്യം എല്ലാവരും ഈ കവിത മൗനമായി ഒന്നോ രണ്ടോ തവണ വായിക്കൂ. ഇനി ചെറിയ ഗ്രൂപ്പുകളായി കവിതയ്ക്കു ചേരുന്ന ഈണത്തിൽ ചൊല്ലി അവതരിപ്പിക്കൂ. ഒരു ഗ്രൂപ്പിന്റെ അവതരണം മറ്റു ഗ്രൂപ്പുകൾ ശ്രദ്ധിച്ച് വിലയിരുത്തുമല്ലോ.

## പൂക്കളെ പരിചയപ്പെടാം

കവിതയിൽ ഏതെല്ലാം പൂക്കളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? അവയുടെ വർണ്ണചിത്രം ചുവടെ കൊടുത്ത കളങ്ങളിൽ വരച്ച് പേരെഴുതുക.

നോട്ടുപുസ്തകത്തിൽ ഒന്നോ രണ്ടോ പേജ് നിറയെ പൂക്കളുടെ ചിത്രം വരച്ച് നിറം കൊടുക്കുമല്ലോ.

## നമുക്കും പൂക്കളാകാം

പൂക്കളുടെ പേരുള്ള ഗ്രൂപ്പുകളായി മാറൂ.

നിങ്ങൾക്ക് ലഭിച്ച പൂവിനെക്കുറിച്ച് കവിതയിൽ പറഞ്ഞിട്ടുള്ള വരികൾ കണ്ടെത്തി അവതരിപ്പിക്കൂ. അവയുടെ സവിശേഷതകളും അവതരണത്തിൽ ഉൾപ്പെടുത്തുമല്ലോ.

## ഓർത്തുചൊല്ലാം

കവിതയിൽ ആദ്യം പറഞ്ഞത് ഏതു പൂവിനെക്കുറിച്ചാണ്?

ഓരോ പൂവിനെക്കുറിച്ചും പറഞ്ഞ വരികൾ ഓർത്തുചൊല്ലൂ

## പൂക്കളോടൊപ്പം

പൂക്കൾ മണ്ണിന്റെയോമൽക്കിനാവുകൾ

പൂക്കൾ ജീവന്റെ പ്രേമപ്രതീക്ഷകൾ!

പൂക്കളെക്കുറിച്ച് കവിതയിൽ പൊതുവായി പറയുന്ന കാര്യങ്ങൾ കണ്ടെത്തിയെഴുതുക.

## പൂക്കളും നമ്മളും

നീലവാനം മിഴികളിലുള്ളവർ

നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ

ഏതു ചൂടിലും വാടാതെ നില്പവർ

ഏതിരുട്ടിലും മന്ദഹസിപ്പവർ...

ഈ വരികളിൽ പൂക്കളുടെ സവിശേഷതകൾക്കൊപ്പം മറ്റെന്തെല്ലാം കാര്യങ്ങളാണ് പറയാനുള്ളത്? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ആസ്വാദനക്കുറിപ്പിലേക്ക്...

മണ്ണിന്റെ കിനാവുകൾ എന്ന കവിത ഇഷ്ടമായല്ലോ. നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി താഴെ കൊടുത്ത മനോപടം പൂർത്തിയാക്കൂ.




- മനോപടത്തിന്റെ സഹായത്തോടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. നല്ലൊരു പേരു നൽകുമല്ലോ.

## ചുമർപ്പത്രിക തയ്യാറാക്കാം

കവി പറഞ്ഞ കാര്യങ്ങളും നിങ്ങൾക്ക് അറിയാവുന്ന മറ്റു വിവരങ്ങളും കൂട്ടുകാർ വരച്ച ചിത്രങ്ങളുമെല്ലാം ചേർത്ത് ഞങ്ങളുടെ മുക്കുറ്റി, ഞങ്ങളുടെ ജമന്തി തുടങ്ങിയ പേരുകളിൽ ഓരോ ഗ്രൂപ്പിനും ഓരോ ചുമർപ്പത്രിക തയ്യാറാക്കാം, ക്ലാസിൽ പ്രദർശിപ്പിക്കാം.

## മലർമാല കോർക്കാം

പൂക്കളെക്കുറിച്ചുള്ള കവിതകൾ ക്ലാസ് ലൈബ്രറിയിൽനിന്നും അടുത്തുള്ള വായനശാലയിൽ നിന്നും കണ്ടെത്തി നോട്ടു പുസ്തകത്തിൽ പകർത്തൂ. ക്ലാസിൽ ആ കവിതകൾ സംഘമായി ചൊല്ലണം. വായനാവാരവുമായി ബന്ധപ്പെട്ട പരിപാടികളിൽ ഈ കവിതകൾ അവതരിപ്പിക്കുമല്ലോ.

## ഒരു തൈ നടാം...

ഈ കവിതാഭാഗം വായിക്കൂ.

ഒരു തൈ നടാം
നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം
കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം
നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം
നല്ല നാളേയ്ക്കുവേണ്ടി...

ഇതു പ്രാണവായുവി-
ന്നായി നടുന്നു
ഇതു മഴയ്ക്കായി
തൊഴുതു നടുന്നു
അഴകിനായ്, തണലിനായ്,
തേൻ പഴങ്ങൾക്കാ-
യൊരു നൂറു തൈകൾ
നിരന്നുനടുന്നു.

-സുഗതകുമാരി



കവിതയിൽ എന്തെല്ലാം കാര്യങ്ങളാണ് പറയുന്നത്?

വീടിന്റെ തിണ്ണയിലിരുന്ന് മഴ കാണുന്ന കുട്ടിയെ ഈ യൂണിറ്റിന്റെ തുടക്കത്തിൽ പരിചയപ്പെട്ടു. കാട്ടിൽ മഴ ഉണ്ടാക്കുന്ന മാറ്റങ്ങളെന്തെല്ലാമാവും? ഈ ലേഖനം വായിക്കൂ.

# കാട്ടിലെ മഴ



ഇന്നലെ കാട്ടിൽ കന്നിമഴ പെയ്തു.

കടുത്ത വേനലിൽ നീർച്ചാലുകൾ വറ്റിവരണ്ടു. പുഴ നന്നേ മെലിഞ്ഞു. പച്ചയ്ക്ക് വിളർച്ച. തീ വീണ കുന്നുകൾക്ക് കരുവാളിപ്പ്.

ആദ്യമാരും ശ്രദ്ധിച്ചില്ല, മലമുഴക്കിയും മണ്ണട്ടകളുമൊഴിച്ച്.

കുന്നിൻമുകളിൽ കുറുമ്പു കാട്ടുന്ന ആനക്കൂട്ടംകണക്ക് മഴമേഘങ്ങൾ വന്നുനിറഞ്ഞത് പെട്ടെന്നായിരുന്നു.

കാറ്റിൽ മഴയിരമ്പം കേട്ടപ്പോൾ കരിയിലകളുടെ കലപിലയാണെന്ന് കരുതി. കൊമ്പുകളെ പിടിച്ചുകുലുക്കി കാറ്റു കടന്നുപോയപ്പോൾ അറിഞ്ഞു, എവിടെയോ പെയ്യുന്നുണ്ട്. കാറ്റിന്റെ രണ്ടാംവരവിൽ ആദ്യതുള്ളികളുമെത്തി.

ഇലച്ചാർത്തുകൾ ഏറെനേരം പ്രതിരോധിച്ചു. പിന്നെ ആകാശവും ഇലകളും കാട്ടിലേക്ക് പെയ്തിറങ്ങി.

ഇരുൾ വീണുതുടങ്ങിയ കാട്ടിൽ ഒളിയിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു. പുഴയോരത്തെ പാറക്കെട്ടുകൾക്കിടയിലുള്ള സാമാന്യം വലിയ ഗുഹ. അതിന്റെ സുരക്ഷിതത്വത്തിൽ ചുള്ളിവിറകുകൾ എരിഞ്ഞുതുടങ്ങിയപ്പോൾ പുറത്ത് കാറ്റിന് പേപിടിച്ചുതുടങ്ങിയിരുന്നു

എവിടെയോ മരങ്ങൾ ഒടിഞ്ഞമരുന്നതിന്റെ ശബ്ദം. മൃഗങ്ങളുടെ അപായ സൂചനകൾ, ചിന്നംവിളികൾ, കനത്ത കാലടികൾ കുഴമണ്ണിലൂടെ അതിദ്രുതം പായുന്നതിന്റെ പ്രതിധ്വനി. മഴത്തുള്ളികളുടെ സംഗീതം ഗർജനമായി മാറിക്കഴിഞ്ഞിരുന്നു. മണ്ണട്ടകൾ എപ്പോഴേ പാട്ടുനിർത്തി. അപായസൂചനകളില്ല, ചിന്നംവിളികളില്ല, കാൽപ്പെരുമാറ്റങ്ങളില്ല. കാറ്റിന്റെ അലർച്ചയും മഴയുടെ മുരൾച്ചയുംമാത്രം.

പുഴയ്ക്കു ജീവൻവച്ചുതുടങ്ങിയിരുന്നു. പുഴയുടെ നിറം തുടുത്തു. കുന്നിലും മേട്ടിലുംനിന്നായി നൂറുനൂറു നീർച്ചാലുകൾ പുഴയിലേക്ക് അരിച്ചിറങ്ങുന്നുണ്ട്.



ഇരുട്ടിൽ ശബ്ദം മാത്രമായിരുന്ന അവ നിലാവുദിച്ചതോടെ കാഴ്ചകളുമായി. മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ മഴയ്ക്ക് നിറക്കൂട്ടായി. പച്ചപ്പുകൾക്കിടയിൽ മിന്നാമിനുങ്ങുകളുടെ കൂട്ടം. നിലാനിറമാർന്ന മഴയ്ക്ക് പുഴയുടെ പശ്ചാത്തലവും മിന്നാമിനുങ്ങുകളുടെ അലങ്കാരവും. ഇടിമിന്നൽചാലുകൾ ഇടയ്ക്ക് കാട്ടിലേക്കു വന്ന് പുഴയിൽ ചിതറിയ ചിത്രങ്ങൾ വരച്ചു.

മഴയ്ക്കുമുൻപേ നിലാവ് പെയ്തുതീർന്നു. മഴയും തീർന്നതോടെ കാടിനും പുഴയ്ക്കും അവയുടെ ശബ്ദങ്ങൾ തിരിച്ചുകിട്ടി, പുലർന്നതോടെ വർണ്ണങ്ങളും.

കാട്ടിൽ കന്നിമഴ യൗവനമാണ് കൊണ്ടുവരുന്നത്. പുഴ ഒറ്റരാത്രികൊണ്ട് സുന്ദരിയാകുന്നു. കരിഞ്ഞുണങ്ങിയ കുന്നിൻപുറങ്ങളിൽ പുൽനാമ്പ് കിളുർക്കുന്നു. വിളർച്ച വീണ്ടും പച്ചയാകുന്നു. പച്ച തളിരിന്റെ ചോപ്പാകുന്നു.

**ഇലകളിൽ ചോരുന്ന ആകാശം** **ഇ. സോമനാഥ്**

### കണ്ടെത്താം പറയാം എഴുതാം

'പുഴയ്ക്ക് ജീവൻ വച്ചുതുടങ്ങിയിരുന്നു'

'മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ മഴയ്ക്ക് നിറക്കൂട്ടായി'

'കുറുമ്പു കാട്ടുന്ന ആനക്കൂട്ടംകണക്കു മേഘങ്ങൾ'

മഴ കാട്ടിലുണ്ടാക്കുന്ന കാഴ്ചകളാണ് ഈ വാക്യങ്ങളിലൂടെ വ്യത്യസ്തമായി അവതരിപ്പിച്ചിട്ടുള്ളത്. ഇതുപോലെയുള്ള വാക്യങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തൂ. അവയുടെ ആശയം ക്ലാസിൽ പറഞ്ഞവതരിപ്പിക്കൂ. എഴുതിവയ്ക്കുകയും വേണം.

### മഴയഴക്

മഴ വന്നപ്പോൾ പ്രകൃതിയിലുണ്ടായ മാറ്റങ്ങൾ നോക്കൂ:

"എണ്ണ കണ്ടൂ മാമലകൾ
പണക്കാരായ് പറമ്പുകൾ
മരുന്നുവെച്ചൂ മുറികൾ
കെട്ടീ, വെട്ടേറ്റ കാടുകൾ."

**പി. കുഞ്ഞിരാമൻ നായർ**

ഏറെ നാളത്തെ കാത്തിരിപ്പിനു ശേഷം മഴ പെയ്തപ്പോൾ പ്രകൃതിക്കുണ്ടായ മാറ്റം പി. കുഞ്ഞിരാമൻനായർ വർണ്ണിച്ചിരിക്കുന്നത് വായിച്ചല്ലോ. ആദ്യമായി വേനൽമഴ പെയ്തപ്പോൾ നിങ്ങളുടെ വീടിനുചുറ്റും എന്തെല്ലാം മാറ്റങ്ങളുണ്ടായി? ആ മാറ്റങ്ങളെക്കുറിച്ച് ഒരു വർണ്ണന തയ്യാറാക്കൂ.

## ഒറ്റയ്ക്കും കൂട്ടായും

- ഇരുൾ വീണു തുടങ്ങിയ കാട്ടിൽ ഒളിച്ചിരിക്കാൻ ഒരിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു.
- ഇരുൾ വീണു തുടങ്ങിയ കാട്ടിൽ ഒളിയിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു.

ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? ചർച്ചചെയ്യൂ.

കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി എഴുതുക.

## മിണ്ടിയും പറഞ്ഞും

കടുത്ത വേനലിനു ശേഷം വന്ന മഴ കാടിനെ മനോഹരമാക്കി.
മഴയും കാടും തമ്മിൽ എന്തെല്ലാം വർത്തമാനങ്ങൾ പറഞ്ഞിട്ടുണ്ടാകും? എഴുതി നോക്കൂ.



കാടും മഴയും

നമുക്ക് കിളിയും പൂവും തമ്മിലുള്ള സ്നേഹത്തിന്റെ കഥ വായിക്കാം.

# ഡെയ്സിച്ചെടി



നാട്ടിൻപുറത്ത്
പാതയോരത്തുള്ള ആ
സുന്ദരമായ വീടിനു
മുന്നിൽ ഒരു
പൂന്തോട്ടമുണ്ട്.
ചുറ്റും വേലികെട്ടി
ഭംഗിയാക്കിയിരിക്കുന്നു.
ഒരു കുഴിയുടെ വക്കത്ത്
പച്ചപ്പുല്ലുകൾക്കിടയിലായി
ഒരു ഡെയ്സിച്ചെടിയുണ്ടായിരുന്നു.
നല്ല സൂര്യപ്രകാശം കിട്ടുന്നതുകൊണ്ട്
അത് നന്നായി വളർന്നുവന്നു. ഒരു പ്രഭാതത്തിൽ
അതിലൊരു പൂ വിടർന്നു നടുക്ക് മഞ്ഞനിറവും ചുറ്റും വെള്ളനിറവുമുള്ള പൂവ്. പുല്ലിനിടയിൽ തന്നെ ആരും കാണില്ലല്ലോ എന്ന് ഡെയ്സി ചിന്തിച്ചില്ല. സംതൃപ്തിയോടെ അവൾ സൂര്യന് അഭിമുഖം നിന്നു. അന്തരീക്ഷത്തിലുയർന്ന വാനമ്പാടിയുടെ സംഗീതം കേട്ടു രസിക്കുകയും ചെയ്തു.

പൂ വിചാരിച്ചു, എനിക്ക് കാണാനും കേൾക്കാനും കഴിയുന്നുണ്ട്. സൂര്യൻ എന്റെമേൽ പ്രകാശം ചൊരിയുന്നു കാറ്റ് എനിക്ക് ഉമ്മ തരുന്നു. ഞാൻ എത്രമാത്രം അനുഗ്രഹീതയാണ്!

തോട്ടത്തിൽ പല ചെടികളും അഹന്തയോടെ തലയുയർത്തി നിൽക്കുന്നുണ്ടായിരുന്നു. സുഗന്ധം കുറഞ്ഞവയ്ക്ക് ആർഭാടം കൂടുതലാണ്. നിറമുള്ളവയും വലിപ്പമുള്ളവയും തമ്മിൽ മത്സരിച്ച് ശ്രദ്ധിക്കപ്പെടാൻ തലയുയർത്തി നിൽക്കുന്നു. വേലിക്കു സമീപമുള്ള ഡെയ്സിയെ ആരും ശ്രദ്ധിച്ചില്ല.

ഒരു വാനമ്പാടി ശബ്ദിച്ചുകൊണ്ട് താഴെയിറങ്ങി. അത് പറന്നുവന്നത് ഡെയ്സിയുടെ അടുത്തുള്ള പുല്ലിലേക്കാണ്. വാനമ്പാടി ചുറ്റും പാടിക്കൊണ്ട് നൃത്തം ചെയ്തു. എന്നിട്ട് സ്വയം പറഞ്ഞു: എന്തു മാർദവമുള്ള പുല്ല്! സ്വർണ്ണഹൃദയവും വെള്ളിയുടുപ്പും ഉള്ള എത്ര മനോഹരമായ കൊച്ചുപൂവ്! ഡെയ്സിയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. പക്ഷി പൂവിന് ഉമ്മ കൊടുത്തു. പാട്ടുപാടി. എന്നിട്ട് നീലാകാശത്തിലേക്ക് പറന്നുയർന്നു.

പാതി നാണത്തോടും നിറഞ്ഞ സന്തോഷത്തോടുംകൂടി അവൾ തോട്ടത്തിലെ മറ്റു പൂക്കളെ നോക്കി. മറ്റു പൂക്കളുടെ മുഖം കോപം കൊണ്ട് ചുവന്നു. ചിലർ അസൂയകൊണ്ട് മുഖം തിരിച്ചു. ഒരു കൊച്ചുപൂവായതിലും പുല്ലുകൾക്കിടയിൽ വളരാൻ കഴിഞ്ഞതിലും ഡെയ്സിക്ക് സന്തോഷം തോന്നി. സൂര്യൻ അസ്തമിച്ചപ്പോൾ അവൾ ഇതളുകൾ മടക്കി ഉറക്കമായി. രാത്രി മുഴുവനും അവൾ സൂര്യനെയും വാനമ്പാടിയെയും സ്വപ്നം കണ്ടു.



പിറ്റേന്ന് പ്രഭാതത്തിൽ വാനമ്പാടിയുടെ ശബ്ദം വീണ്ടും കേട്ടു. പക്ഷേ അതിന്റെ പാട്ട് തികച്ചും ദുഃഖപൂർണ്ണമായിരുന്നു. അതിനു കാരണവുമുണ്ടായിരുന്നു: ആ വാനമ്പാടിയെ ഒരാൾ പിടിച്ചു കൂട്ടിലാക്കി. സ്വതന്ത്രവും ആഹ്ലാദകരവുമായ

സഞ്ചാരത്തെക്കുറിച്ചും, പച്ചവയലിലെ ധാന്യമണികളെക്കുറിച്ചും ഓർത്ത് പക്ഷി വിലപിച്ചു. ആകാശത്തിൽ ഉയർന്നുപറക്കാൻ കഴിയാതെ ആ പാവം ഇടുങ്ങിയ കൂട്ടിൽ തടവുകാരനായി.

ഡെയ്സിച്ചെടി പരിസരത്തിന്റെ സൗന്ദര്യമൊക്കെ മറന്നു. സൂര്യന്റെ ഇളംചൂടും തന്റെ ഇതളുകളുടെ ഭംഗിയും മറന്നു. തടവിലാക്കപ്പെട്ട പക്ഷിയെക്കുറിച്ചുമാത്രമായി ചിന്ത. തനിക്ക് അതിനെ രക്ഷപ്പെടുത്താൻ കഴിവില്ലല്ലോ എന്നും അവൾക്ക് തോന്നി.

ആ സമയം രണ്ടാൺകുട്ടികൾ അവിടെയെത്തി. അവർ ഡെയ്സിക്കു ചുറ്റും ആഴത്തിൽ മണ്ണ് വെട്ടിയെടുക്കാൻ തുടങ്ങി. അങ്ങനെ പുൽത്തകിടിയോടൊപ്പം ഡെയ്സി കിളിയുടെ കൂട്ടിലെത്തി.

കൂട്ടിലെ കിളി നഷ്ടപ്പെട്ട സ്വാതന്ത്ര്യത്തെപ്പറ്റിയോർത്തു കരഞ്ഞ് ഇരുമ്പഴികളിൽ ചിറകിട്ടടിച്ചു. കൊച്ചുപൂവിനാകട്ടെ, സംസാരിക്കാൻ കഴിയാത്തതുകൊണ്ട് ആശ്വസിപ്പിച്ച് ഒരു വാക്ക് പറയാൻ പറ്റിയതുമില്ല. രാവിലെ മുഴുവൻ അങ്ങനെ കഴിഞ്ഞു.

'ഇവിടെ ഒരു തുള്ളി വെള്ളമില്ല': വാനമ്പാടി കരഞ്ഞുപറഞ്ഞു. ആശ്വാസത്തിന് തണുത്ത പുല്ലിൽ കിളി ചുണ്ടമർത്തി. എന്നിട്ട് ഡെയ്സിയുടെ നേരെ നോക്കി തലകുനിച്ചു പറഞ്ഞു:

"പാവം! പൂവേ, നീയും ഇവിടെക്കിടന്ന് കരിഞ്ഞുപോകുമല്ലോ. എനിക്കുണ്ടായിരുന്ന വലിയ ലോകത്തിനുപകരം നിന്നെയും ഈ പുൽത്തകിടിയെയും അവർ എനിക്കു തന്നു. ഒരു പുൽനാമ്പ് എനിക്കിപ്പോൾ വൻമരമാണ്. നിന്റെ ഓരോ ഇതളും എനിക്കൊരു പൂവാണ്. കഷ്ടം! എനിക്കു നഷ്ടപ്പെട്ടതിന്റെ വില ഞാൻ ഇപ്പോൾ അറിയുന്നു."

എനിക്ക് ഈ പക്ഷിയെ ആശ്വസിപ്പിക്കാൻ കഴിഞ്ഞെങ്കിൽ! ഡെയ്സി വിചാരിച്ചു.

വൈകുന്നേരമായി. എന്നിട്ടും ഒരു തുള്ളി വെള്ളംപോലും കിളിക്ക് കൊടുക്കാൻ ആരും എത്തിയില്ല. ചിറകുകൾ വിടർത്തി അത് ഭ്രാന്തമായി പിടഞ്ഞു. അതിന്റെ പാട്ട് വിലാപമായി മാറി. തല പൂവിനു നേരെ ചാഞ്ഞു. ദാഹംകൊണ്ടും മോഹംകൊണ്ടും അതിന്റെ ഹൃദയം പൊട്ടിയിരുന്നു. ഡെയ്സിക്ക് തലേന്നത്തെ രാത്രിപോലെ ഇതളുകൾ മടക്കി ഉറങ്ങാൻ പറ്റിയില്ല.



രണ്ടു കുട്ടികളും പിറ്റേന്ന് പ്രഭാതത്തിലാണ് എത്തിയത്. മരിച്ചുകിടക്കുന്ന കിളിയെ നോക്കി അവർ വിലപിച്ചു. ഒരു ശവക്കുഴിയുണ്ടാക്കി അത് പൂക്കൾകൊണ്ട് അലങ്കരിച്ചു. ഒരു ചുവന്ന പെട്ടിയിൽ പക്ഷിയുടെ ശരീരം വച്ച് ശവസംസ്കാരം നടത്തി. പുൽത്തട്ട് ഡെയ്സിച്ചെടിയോടൊപ്പം അവർ നിരത്തിലേക്ക് വലിച്ചെറിഞ്ഞു. പക്ഷിയെ സ്നേഹിക്കുകയും സാന്ത്വനപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത പാവം പൂവിനെക്കുറിച്ച് ആരും ഓർത്തില്ല.

ആൻഡേഴ്സൻ കഥകൾ — വിവർത്തനം - എ. വിജയൻ

### കഥയോടൊപ്പം

കഥ ഒന്നോ രണ്ടോ തവണ മൗനമായി വായിക്കൂ...
പല ഭാഗങ്ങളായി വായിച്ച് അവതരിപ്പിക്കൂ.

### വരികൾക്കിടയിൽ

"ഒരു പുൽനാമ്പ് എനിക്കിപ്പോൾ വൻമരമാണ്. നിന്റെ ഓരോ ഇതളും എനിക്കൊരു പൂവാണ്."

ആരാണിങ്ങനെ പറഞ്ഞത്? ഏതു സന്ദർഭത്തിൽ?
ഈ വാക്യങ്ങളിൽനിന്ന് നിങ്ങൾക്കു മനസ്സിലായതെന്തെല്ലാം? എഴുതിനോക്കൂ.

ഇത്തരം വാക്യങ്ങൾ ഈ പാഠത്തിൽ ഇനിയുമുണ്ട്. കണ്ടെത്തി അവയെക്കുറിച്ചും എഴുതൂ...

## പ്രകൃതിപാഠങ്ങൾ

'മണ്ണിന്റെ കിനാവുകൾ' എന്ന കവിതയിലൂടെ നമ്മൾ പരിചയപ്പെട്ടത് പ്രകൃതിയുടെ സൗന്ദര്യമാണ്. 'കാട്ടിലെ മഴ' എന്ന അനുഭവക്കുറിപ്പിലൂടെ മഴയുടെ സൗന്ദര്യവും ഡെയ്സിച്ചെടി എന്ന പാഠത്തിൽ പരസ്പരസ്നേഹത്തിന്റെ മനോഹരമായ ആവിഷ്കാരവും കാണാം.

ഈ മൂന്നു പാഠങ്ങളെ അടിസ്ഥാനമാക്കി 'പ്രകൃതിപാഠങ്ങൾ' എന്ന ഒരു ലഘു ഉപന്യാസം തയ്യാറാക്കൂ...

### പദപരിചയം

| | | |
|---|---|---|
| അതിദ്രുതം | - | വളരെ വേഗത്തിൽ |
| അനുഗൃഹീത | - | അനുഗ്രഹം ലഭിച്ചവൾ |
| അഭിമുഖം | - | മുഖത്തിനു നേരേ |
| അറുത്തെടുക്കുക | - | മുറിച്ചെടുക്കുക |
| അഹന്ത | - | അഹങ്കാരം |
| ആർഭാടം | - | ആഡംബരം |
| ഇലച്ചാർത്തുകൾ | - | ഇലക്കൂട്ടങ്ങൾ |
| ഒളിയിടം | - | ഒളിച്ചിരിക്കാനുള്ള സ്ഥലം |
| ഓമൽക്കിനാവ് | - | കൗതുകമുള്ള സ്വപ്നം |
| കന്നിമഴ | - | ആദ്യത്തെ മഴ |
| കലപിലാരവം | - | കലപില ശബ്ദം |
| കുരുത്ത | - | ഉണ്ടായ, മുളച്ചുവന്ന |
| ചാർത്തുക | - | അലങ്കരിക്കുക, അണിയുക |

| | | |
|---|---|---|
| ചെന്താരുകൾ | - | ചുവന്ന പൂക്കൾ |
| ചേറ്റി | - | വിതറി, പരത്തി |
| തൂമ | - | ഭംഗി, വെളുപ്പ് |
| നീർക്കണം | - | വെള്ളത്തുള്ളി |
| നുകർന്ന | - | ആസ്വദിച്ച |
| നെടുവീർപ്പ് | - | നീണ്ട ശ്വാസം വിടൽ |
| പകിട്ട് | - | മോടി, തിളക്കം |
| പരിഭവം | - | സങ്കടവും പ്രതിഷേധവും ചേർന്ന വികാരം |
| പാതയോരം | - | വഴിയരിക് |
| പുൽനാമ്പ് | - | പുല്ലിന്റെ മുള |
| പ്രതിധ്വനി | - | മാറ്റൊലി |
| പ്രതിരോധിച്ചു | - | തടഞ്ഞു |
| ബഹുമതി | - | ബഹുമാനം, ആദരവ് |
| മഴയിരമ്പം | - | മഴയുടെ ശബ്ദം |
| മാർദ്ദവം | - | മിനുസം |
| മിഴി | - | കണ്ണ്, നേത്രം, നയനം |
| മേട് | - | ഉയർന്ന് നിരപ്പായ സ്ഥലം |
| രാജമുദ്ര | - | രാജാവിന്റെ മുദ്ര (ഇവിടെ കിരീടം എന്ന അർത്ഥം) |
| ലാളിക്കുക | - | ഓമനിക്കുക |
| വാനമ്പാടി | - | മധുരമായി പാടുന്ന ഒരു പക്ഷി |
| വിലാപം | - | കരച്ചിൽ |
| സാന്ത്വനം | - | ആശ്വസിപ്പിക്കൽ |

2

# ഒപ്പം ചിരിക്കാം ഓർത്തുചിരിക്കാം



ഒരു കൊച്ചുകഥ വായിക്കൂ...

മഴക്കാലം. പുഴ നിറഞ്ഞൊഴുകുന്നു. പുഴ കടക്കാനായി കടവത്തെത്തിയ തോമസ് കണ്ടത്, ആരെയോ അടിക്കാൻ കുടക്കാൽ ഓങ്ങി പരിഭ്രമിച്ചു നിൽക്കുന്ന ശങ്കുണ്ണിയേട്ടനെയാണ്. കുടയുടെ ശീലയും കമ്പികളുമെല്ലാം താഴെ കിടപ്പുണ്ട്.

കാര്യമന്വേഷിച്ച തോമസ്സിനോട് ശങ്കുണ്ണിയേട്ടൻ പറഞ്ഞു: "ദാ, അക്കരയ്ക്ക് നോക്ക്... അവിടെ ഒരു നായ ഉറക്കെ കുരയ്ക്കുന്നത് കണ്ടില്ലേ? കഷ്ടകാലത്തിന് പുഴ ഇപ്പൊ വറ്റിപ്പോവേം നായ ചങ്ങല പൊട്ടിക്കേം ചെയ്താൽ കടി കിട്ടും ന്ന് ഒറപ്പാ... ഒരു മുൻകരുതലാവാം ന്ന് തോന്നി."

തോമസ്സിന് ചിരിയടക്കാനായില്ല...

ഈ കഥ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞുതരുന്നുണ്ട്? ഇതുപോലെ ഏതെങ്കിലും ഒരു കഥ നിങ്ങൾക്കറിയാമോ? പറയാൻ ശ്രമിക്കൂ...

കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ നമ്മളെ ഏറെ ചിരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു തുള്ളൽപ്പാട്ട് പാടിനോക്കാം.

# വായുവില്ലാത്ത ലോകം

മാരുതസഞ്ചാരമെല്ലാമടങ്ങുക-
കാരണം ദാരുണമായ ദശാന്തരേ
കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്.



ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു.
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നങ്ങു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു.

മുണ്ടുടുക്കുന്നവൻ രണ്ടു കരംകൊണ്ടു
മുണ്ടും ഞൊറിഞ്ഞു പിടിച്ചു നിന്നീടുന്നു
തണ്ടെടുത്തുംകൊണ്ടു മണ്ടുന്നവനൊരു
കുണ്ടിൽ മറിഞ്ഞു കിടന്നാൻ തടിപോലെ.
മുങ്ങിക്കിടക്കുന്നു വെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പു വായു ശമിക്കയാൽ.



എണ്ണ തേയ്ക്കുന്നവരപ്പാടിരിക്കുന്നു,
കണ്ണെഴുതുന്നവരങ്ങനെ പാർക്കുന്നു,
കഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു.
പാട്ടുപാടുന്നവർ കൈയും ചെവിക്കൽ വ-
ച്ചൊട്ടു വായും പിളർന്നങ്ങനെ നില്ക്കുന്നു,



മദ്ദളം കൊട്ടുന്ന വിദ്വാൻ കഴുത്തിലാ-
മദ്ദളമിട്ടുകൊണ്ടങ്ങനെ നില്ക്കുന്നു,
പറ്റുവിളിക്കും കുഴൽക്കാരനന്നേരം
തെറ്റെന്നു കാലും കവച്ചു നിന്നീടുന്നു.

എത്രയും വിസ്മയം! സർവജനങ്ങളും
ചിത്രമെഴുതിയപോലെ കാണായ് വന്നു.

**ധ്രുവചരിതം ശീതങ്കൻതുള്ളൽ** **കുഞ്ചൻനമ്പ്യാർ**

## ഈണം കണ്ടെത്തി ചൊല്ലാം

കവിതയ്ക്ക് യോജിച്ച ഈണം നൽകി ഗ്രൂപ്പുകളായി ഉറക്കെ ചൊല്ലൂ. ചൊല്ലുമ്പോൾ എല്ലാരും ചേർന്നു താളംപിടിക്കുമല്ലോ. ഈ കവിതാഭാഗം തുള്ളൽ രീതിയിൽ ചൊല്ലാൻ ശ്രമിക്കൂ.

## ഒരൊറ്റ നിമിഷം

ഒരു ദിവസം അപ്രതീക്ഷിതമായി ഭൂമിയിൽ വായുസഞ്ചാരം നിലച്ചു. വായു നിന്നതോടെ ജനങ്ങളെല്ലാം മരപ്പാവകളെപ്പോലെ നിശ്ചലരായിത്തീർന്നു. ഇതിന്റെ ധാരാളം കാഴ്ചകൾ കവിതയിലുണ്ടല്ലോ. എന്തെല്ലാമാണവ?

ആ കാഴ്ചകൾ നിശ്ചലദൃശ്യങ്ങളായി അവതരിപ്പിക്കൂ.

രണ്ടു സംഘങ്ങളായി പിരിഞ്ഞ് നിങ്ങൾക്ക് ഇതവതരിപ്പിക്കാം. ഒരു സംഘം കവിതയിലെ വരികൾ താളമിട്ടു പാടുന്നു. അപ്പോൾ രണ്ടാമത്തെ സംഘം ആ വരികളിൽ പറഞ്ഞ കാര്യം അഭിനയിച്ചുകാണിക്കുന്നു.

അഭിനയിക്കാൻ ആവശ്യമായ സമയം കിട്ടുന്നതിന് പാടുന്നവർ ഒരേ വരികൾ രണ്ടോ അതിലധികമോ തവണ ആവർത്തിച്ച് ചൊല്ലിയാൽമതി.

പാഠഭാഗത്തിൽ വർണ്ണിച്ച എല്ലാ ദൃശ്യങ്ങളും ഒരു സംഘം അഭിനയിച്ചു കഴിഞ്ഞാൽ അവർ പാട്ടുകാരാവണം. പാടിയവർ അഭിനയിക്കണം.

ഇപ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നതെങ്കിലോ?

ഗ്രൗണ്ടിൽ ക്രിക്കറ്റു കളിക്കുന്ന കുട്ടികൾ, തോട്ടിൽ മീൻപിടിക്കുന്നവർ, റോഡിലൂടെ പോകുന്ന വാഹനങ്ങളും ആളുകളും... ഇങ്ങനെ പുതിയ കുറേ കാഴ്ചകളുണ്ടാവില്ലേ?

ഒരു സംഘം ഒരു ദൃശ്യം അഭിനയിക്കുക. രണ്ടാം സംഘം അതെന്താണെന്നു പറയുക.

### അക്ഷരക്കിലുക്കം

ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു.
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നൊരു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു.

അടിവരയിട്ട പദങ്ങളുടെ പ്രത്യേകതയെന്താണ്? പാഠഭാഗത്തിൽ ഇതേ പ്രത്യേകതയുള്ള (അക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന) മറ്റു വരികൾ കണ്ടെത്തി നോട്ടുപുസ്തകത്തിലെഴുതൂ.

ശബ്ദഭംഗിയുള്ള ഏതാനും വരികൾ പരിചയപ്പെടാം.

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി

**-ചങ്ങമ്പുഴ**

## നിറച്ചാർത്ത്

കുഞ്ചൻനമ്പ്യാർ വാക്കുകൾകൊണ്ടുണ്ടാക്കിയ കുറേ ചിത്രങ്ങളാണ് 'വായുവില്ലാത്തലോകം' എന്ന കവിതാഭാഗത്തുള്ളത്. നമുക്ക് അവയിൽ പലതിനെയും വർണ്ണചിത്രങ്ങളാക്കാമല്ലോ.

ഈ വരികളെ അടിസ്ഥാനമാക്കി ചിത്രം വരയ്ക്കൂ.

നിങ്ങൾ ചിത്രമാക്കിയ വരികൾ താഴെ എഴുതിവയ്ക്കുകയും വേണം.

## ചിരി വരുന്ന വഴി

താഴെ കൊടുത്ത കവിതാഭാഗങ്ങളിൽ നിങ്ങളെ ചിരിപ്പിക്കുന്ന വരികൾ കണ്ടെത്താൻ ശ്രമിക്കൂ.

1 ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂ കണക്കെ നേത്രങ്ങളു-
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ...

2 ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലു വലിച്ചു കിണറ്റിൽ മറിച്ചൂ
ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങു കുളത്തിലെറിഞ്ഞു

## ആസ്വാദനമെഴുതാം

വായുവില്ലാതായപ്പോൾ എന്ന കവിതയിലെ എന്തെല്ലാം കാര്യങ്ങളാണ് നിങ്ങളുടെ മനസ്സിൽത്തട്ടിയത്? താളഭംഗി, വിവിധ ദൃശ്യങ്ങൾ ഇനിയുമെന്തെല്ലാം? ചർച്ച ചെയ്യൂ. അവയെല്ലാം ഉൾപ്പെടുത്തി ആസ്വാദനം തയ്യാറാക്കൂ.

## കടങ്കഥകളുടെ ലോകം

വായുവില്ലാതായപ്പോൾ എന്ന കവിതയിൽ അക്ഷരങ്ങളുടെ ആവർത്തനഭംഗി നിങ്ങൾ കണ്ടുവല്ലോ. താഴെ കൊടുത്ത കടങ്കഥകളിലും ഈ പ്രത്യേകതകൾ കാണുന്നുണ്ടോ? പറയൂ.

'കണ്ടം കണ്ടം കണ്ടിക്കും,
തുണ്ടംപോലും തിന്നില്ല.'


'ഇലയില്ലാത്തൊരു പൂവില്ലാത്തൊരു
കായില്ലാത്തൊരു കരിവള്ളി.'



**ചിത്രത്തിലെ കടങ്കഥകൾ കണ്ടെത്തൂ.**

കടങ്കഥകളെക്കുറിച്ച് കൂടുതലറിയാൻ നമുക്ക് ഒരു കഥ വായിക്കാം.

# കടങ്കഥ



ഒഴിവുനേരങ്ങളിൽ കടങ്കഥ ചൊല്ലിക്കളിക്കുന്നത് നാട്ടുശീലമാണ്. പണ്ടൊരിക്കൽ ഒരു മുത്തച്ഛനും കുട്ടികളും ചേർന്നു നടത്തിയ ആ കടങ്കഥക്കളിയാണ് ഈ കഥ.

കടങ്കഥകളുടെയും കുസൃതിക്കഥകളുടെയും ആശാനാണ് മുത്തച്ഛൻ. അവയിൽ പലതും ഏറെ രസകരവും. അതുകൊണ്ടുതന്നെ എല്ലാ വൈകുന്നേരങ്ങളിലും കുട്ടികൾ മുത്തച്ഛന്റെ ചുറ്റും തടിച്ചുകൂടും. കഥകൾ പറഞ്ഞുതരാൻ മുത്തച്ഛനും ഏറെ താൽപര്യമാണ്. മുത്തച്ഛൻ കഥകളുടെ കെട്ടഴിക്കും. കടങ്കഥകളോട് അദ്ദേഹത്തിന് പ്രത്യേകമൊരു ഇഷ്ടമുണ്ട്. തന്റെ മുഖത്തുനിന്നും കണ്ണെടുക്കാതെ മുന്നിലിരിക്കുന്ന കുട്ടികളോടായി മുത്തച്ഛൻ ചോദിക്കും:

"ഞെട്ടില്ലാ വട്ടയില?"
"പപ്പടം." ചോദ്യം തീരുംമുമ്പേ വരും കുട്ടികളുടെ ഉത്തരം.

"മുറ്റത്തെ ചെപ്പിനടപ്പില്ല?"
"കിണർ."

"ഇട്ടാപ്പൊട്ടും ഇങ്ക്രീസുമുട്ട?"
"കടുക്."

"കാള കിടക്കും കയറോടും?"
"മത്തനും മത്തൻ ചെടിയും."

"അടിക്കാത്ത മുറ്റം?"
"ആകാശം."

"ഉച്ചിക്കുടുമൻ ചന്തയ്ക്കു പോയി?"
"കൈതച്ചക്ക."

"കറിക്ക് മുമ്പൻ, ഇലയ്ക്കു പിമ്പൻ?"
"കറിവേപ്പില."

"കിക്കിലുക്കം കിലുകിലുക്കം, ഉത്തരത്തിൽ ചത്തിരിക്കും?"
"താക്കോൽക്കൂട്ടം."

"പിന്നാലെ വന്നവൻ മുന്നാലെ പോയി?"
"പല്ല്."

കടങ്കഥ ചോദിച്ചുചോദിച്ച് മുത്തച്ഛൻ ക്ഷീണിച്ചു. എല്ലാറ്റിനും 'എടുപിടീ'ന്ന് ഉത്തരം പറഞ്ഞതിന്റെ സന്തോഷം കുട്ടികളുടെ മുഖത്ത് തെളിഞ്ഞു. മുത്തച്ഛൻ ഒന്നിളകിയിരുന്നു. മുത്തച്ഛൻ തോറ്റു പിന്മാറി എന്ന് കരുതിയിരിക്കുകയായിരുന്നു കുട്ടികൾ. എന്നാൽ അവരെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു.

"നിങ്ങളെല്ലാം മിടുക്കരാണ് ട്ടോ. നിങ്ങളോട് ചോദിച്ചുചോദിച്ച് എന്റെ കയ്യിലുള്ള കടങ്കഥകളൊക്കെ തീർന്നു. ഇനി ഒറ്റയൊരെണ്ണമേ ബാക്കിയുള്ളൂ. ഇതുവരെയുള്ള കടങ്കഥകൾക്കൊക്കെ ഉത്തരം പറഞ്ഞ നിങ്ങൾക്ക് ഇതുകൂടി പറയാൻ പറ്റുമോ എന്ന് നോക്കാലോ."

"മുത്തച്ഛൻ ചോദിക്ക്, ഞങ്ങൾ പറയാം."

"എങ്കിൽ കേട്ടോളൂ. 'തലയില്ലാത്തവൻ ചെവിയിട്ടാട്ടി.' ഉത്തരം പറ." മുത്തച്ഛൻ കടങ്കഥ പറഞ്ഞു.

"ഒന്നുകൂടി പറഞ്ഞേ മുത്തച്ഛാ, ഞങ്ങൾക്ക് വ്യക്തമായില്ല." കുട്ടികൾ ആവശ്യപ്പെട്ടു.

"ഉം. 'തലയില്ലാത്തവൻ ചെവിയിട്ടാട്ടി.' ഉത്തരം പറ."



കുട്ടികളുടെ മുഖത്തെ തെളിച്ചം മാഞ്ഞു. അവർ പരസ്പരം നോക്കി. ആർക്കും ശരിയായ ഉത്തരം പിടികിട്ടിയില്ല. ആദ്യമായി തങ്ങൾക്ക് തോൽവി പിണയുമോ എന്നവർ ശങ്കിച്ചു. മുത്തച്ഛനാണെങ്കിൽ വിജയിയുടെ ഭാവത്തിൽ ഇരിക്കുകയാണ്. അങ്ങനെ തോറ്റുകൊടുക്കുന്നത് ശരിയല്ലല്ലോ എന്നു കരുതി ഒരു വിരുതൻ പറഞ്ഞു:

"ഉത്തരം ഞാൻ പറയാം, ആന."

"അതുശരി! തലയില്ലാത്ത ആന ചെവിയാട്ടണത് കുട്ടി കണ്ടിട്ടുണ്ടോ?" മുത്തച്ഛൻ ചോദിച്ചു.

നാണിച്ചു പുളിച്ച് അവൻ തലതാഴ്ത്തി. മറ്റു കുട്ടികൾ ആർത്തുചിരിച്ചു.

"ഞങ്ങൾ തോറ്റു. ഇനി മുത്തച്ഛൻ ഉത്തരം പറ." കുട്ടികൾ പറഞ്ഞു.

"ഉത്തരം പറ." മുത്തച്ഛൻ ആവർത്തിച്ചു.

"ഞങ്ങൾക്കറിയില്ല, ഉത്തരം പറ."

"ഉത്തരം പറ."

"ഇതെന്താ മുത്തച്ഛൻ ഞങ്ങളെ കളിയാക്കുകയാണോ?" കുട്ടികൾക്ക് ദേഷ്യം പിടിച്ചു.

“ഞാനെന്തിനാ നിങ്ങളെ കളിയാക്കണേ? ഉത്തരം പറാന്നു വച്ചാൽ കടങ്കഥയുടെ ഉത്തരം ‘പറ’തന്നെയാണെന്ന്!”

മുത്തച്ഛന്റെ ഈ കുസൃതി കുസൃതിക്കുട്ടന്മാർക്ക് ‘ക്ഷ’ പിടിച്ചു!

**നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും**

**പുനരാഖ്യാനം : ഡോ.കെ.ശ്രീകുമാർ**

## കടങ്കഥച്ചന്തം

ആനകേറാമലേലാളുകേറാമലേ-
ലായിരം കാന്താരി പൂത്തിറങ്ങി.
ഉത്തരം പറയാമോ?

ഈ കടങ്കഥയ്ക്ക് എന്തെല്ലാം സവിശേഷതകളുണ്ട്? ചർച്ച ചെയ്യാം. ഇതേ താളത്തിൽ ചൊല്ലാവുന്ന വരികൾ വായിക്കൂ.

വെണ്ണയെക്കണ്ടോരു കണ്ണൻ താനന്നേരം
വെണ്ണിലാവഞ്ചിച്ചിരിച്ചുചൊന്നാൻ.

ഇങ്ങനെ ഒരേ താളത്തിൽ ചൊല്ലാവുന്ന കടങ്കഥകളും പഴഞ്ചൊല്ലുകളും കവിതാഭാഗങ്ങളും ശേഖരിക്കൂ.

## കടങ്കഥപ്പയറ്റ്

കൂടുതൽ കടങ്കഥകൾ ശേഖരിക്കൂ. മുത്തച്ഛനും കുട്ടികളുംകൂടി നടത്തിയ കടങ്കഥപ്പയറ്റുപോലെ ക്ലാസിൽ ഒരു കടങ്കഥപ്പയറ്റ് നടത്തൂ.

## കഥയിലും കടങ്കഥ

വീട്ടിലെത്തിയ അതിഥിയെ ഗൃഹനാഥൻ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. അതിഥി പറഞ്ഞു:

‘ഊണിന് നൂറ്റെട്ടു കൂട്ടം കറിവേണം, ഊണു കഴിഞ്ഞാൽ മൂന്നാളെ തിന്നണം, നാലാൾ ചുമക്കണം.’

ഈ ആവശ്യങ്ങളെല്ലാം എങ്ങനെ നിറവേറ്റിക്കൊടുക്കുമെന്നോർത്ത് വീട്ടുകാരൻ വിഷമിച്ചു. അപ്പോൾ അയാളുടെ മകൾ പറഞ്ഞു:

'അച്ഛൻ വിഷമിക്കണ്ട. എല്ലാം ഞാൻ ശരിയാക്കാം. കുളിച്ചുവരാൻ പറയൂ' മകൾ എങ്ങനെയാവും അതിഥിയുടെ ആവശ്യങ്ങൾ സാധിച്ചിട്ടുണ്ടാവുക? അറിയേണ്ടേ?

കഥയുടെ ബാക്കി ഭാഗം കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച ഐതിഹ്യമാലയിലുണ്ട്. കണ്ടെത്തി വായിക്കൂ.

ആ കഥയെക്കുറിച്ച് ഒരു കുറിപ്പ് എഴുതുമല്ലോ.

## കടങ്കഥയിലെ ഭാഷ





| കടങ്കഥയിലെ ഭാഷ | | സാധാരണ ഭാഷ |
|---|---|---|
| മുറ്റത്തെ ചെപ്പിനടപ്പില്ല | - | കിണർ |
| കൊക്കിരിക്കും കുളം വറ്റിവറ്റി | - | കൊളുത്തിവച്ച നിലവിളക്കിലെ എണ്ണ വറ്റി |
| മുള്ളുണ്ട് മുരിക്കല്ല<br>കയ്പുണ്ട് കാഞ്ഞിരമല്ല | - | പാവയ്ക്ക (കയ്പക്ക) |

മറ്റു ചില കടങ്കഥകളെക്കൂടി ഇങ്ങനെ സാധാരണ ഭാഷയിലെഴുതാമോ?

സാധാരണഭാഷയ്ക്കും കടങ്കഥയിലെ ഭാഷയ്ക്കും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്? ചർച്ച ചെയ്തു കണ്ടെത്തൂ.

നീർക്കോലി കടിച്ചാലും അത്താഴം മുടങ്ങും എന്ന ചൊല്ല് കേട്ടിട്ടില്ലേ?

ഈ കഥ വായിക്കൂ...

# നീർനാഗം

എനിക്ക് ആറേഴ് വയസ്സുള്ളപ്പോഴത്തെ കഥയാണ്.

ഞങ്ങളുടെ നാട്ടിൽ പാമ്പിനെ കൊല്ലുന്ന ഒരു ബമ്പനുണ്ടായിരുന്നു. ഏതു ഭയങ്കര മൂർഖനോടും അദ്ദേഹം എതിരിടും. അദ്ദേഹത്തെപ്പോലെ ഒരു ബമ്പനാകണം എന്നുണ്ടായിരുന്നു. ഞാൻ ആദ്യം എതിരിട്ടത് ഒരു നീർനാഗത്തോടാണ്.

ഞാനീ പറയുന്ന നീർനാഗം വളരെ പാവപ്പെട്ടതാണ്. ഒരു രണ്ടടി നീളം. ചെറുവിരലിന്റത്ര വണ്ണം. തോട്ടിൽ ആമ്പലിന്റെ അടുത്തങ്ങനെ തല നീട്ടിയിരിക്കയാണ്. ചെറിയ വല്ല പരലും പോവുകയാണെങ്കിൽ പിടിക്കാം. നീർക്കോലി എന്നാണ് മൂപ്പരുടെ പേര്. ഞാൻ വലിയ ഒരു പച്ച ഈർക്കിലെടുത്ത് അറ്റത്ത് ഒരു കുടുക്കുണ്ടാക്കി. എന്നിട്ട് സാവധാനം, വളരെ സാവധാനം അവന്റെ കഴുത്തിന് വെച്ച് ചിണുക്കി ഒരു വലി! ദാ, നീർനാഗം ഈർക്കിലിന്റെ തുമ്പിൽ തൂങ്ങുന്നു. അവനെയും വഹിച്ചുകൊണ്ട് അടുത്തുള്ള പലേ വീടുകളിലും കയറിയിറങ്ങി. സമപ്രായക്കാരും അതിൽ കുറഞ്ഞവരുമായ ഒട്ടുവളരെ ശിഷ്യന്മാരെയും ശിഷ്യകളെയും സമ്പാദിച്ചു.

നേരം ഉച്ചയായി. വിശപ്പു തോന്നിത്തുടങ്ങി നീർനാഗത്തെയുംകൊണ്ട് ഞാൻ വീട്ടിലെത്തി. വരാന്തയിലെ വിരിയുടെ ഇടയിൽ നീർനാഗത്തെ തൂക്കിയിട്ടു. അതിന്റെ അടുത്തുതന്നെ രണ്ടുമൂന്നു ചൂരൽവടികൾ തിരുകിയിട്ടുണ്ട്. പ്രായം അനുസരിച്ചുള്ള മുഴുപ്പുകളുണ്ടതിന്. വലുത് എന്നെ അടിക്കാൻ. ഈ വടികളെല്ലാം തരാതരം പോലെ കുടയത്തൂർ മലയിൽനിന്നും എന്റെ ബാപ്പ കൊണ്ടുവന്നതാണ്. തടിക്കച്ചവടക്കാരനാണ് ബാപ്പ. ഞാൻ അടുക്കളവശത്ത് ചെന്നപ്പോൾ ഉമ്മ കൂട്ടാൻ താളിക്കുകയോ കടുകുവറുക്കുകയോ ചെയ്യുകയാണ്. ഊണിന് ലേശം താമസമുണ്ട്.

ഞാൻ അയൽപക്കത്തു ചെന്ന് ശിഷ്യഗണങ്ങളുമായി വർത്തമാനം പറഞ്ഞു. ഒരു ശിഷ്യന്റെ കയ്യിൽനിന്നും പകുതി തേങ്ങാപ്പൂള് വാങ്ങിച്ചു തിന്നു. അപ്പോൾ ബാപ്പയുടെ കഠോരമായ വിളി:

"എടാ!"

"ഓ!" എന്ന് ഞാൻ വിളികേട്ടു. എന്നിട്ട് വീട്ടിൽ ചെന്നു. അവിടെ ഒരു സംഭവം നടന്നുകഴിഞ്ഞിരുന്നു. ഉച്ചനമസ്കാരത്തിന് ബാപ്പ നിസ്കാരപ്പായ വിരിച്ചു. കാലു കഴുകി അതിൽ കയറി നീണ്ടുനിവർന്നു നിന്നു. അല്ലാഹു അക്ബർ എന്ന് കൈകൾ രണ്ടുമുയർത്തി നെഞ്ചത്ത് കെട്ടാൻ പോകുമ്പോൾ, ദാ കിടക്കുന്നു നേരെ കൺമുമ്പിൽ ഒരു നീർനാഗം! ബാപ്പ നമസ്കാരം പൂർത്തിയാക്കി. സാധാരണയായി എന്തെങ്കിലും പ്രാർത്ഥനയ്ക്കിടയ്ക്കുണ്ടായാൽ അത് വകവയ്ക്കാറില്ല. (പഴയകാലങ്ങളിൽ യുദ്ധത്തിൽ അമ്പ് ഏറ്റാൽ നിസ്കരിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് മറ്റുള്ളവർ അത് വലിച്ചൂരുന്നത്.)

"എടീ!" ബാപ്പ വിളിച്ചു.

"എന്താണ്?" ഉമ്മ വിളി കേട്ടുകൊണ്ട് വന്നു.

ബാപ്പ ചൂണ്ടിക്കാണിച്ചു.

"എന്താണെടീ അത്?"

"ഒരു നീർക്കോലിക്കുഞ്ഞാണ്."

"എന്നാൽ കൊണ്ടുപോയി നീ മൊല കൊടുത്തു വളർത്തിക്കോ."

"ഞാനെന്തിനാ മുല കൊടുത്തു വളർത്തുന്നത്? ഞാമ്പെറ്റതാണോ?"

ഉമ്മ പെറ്റതല്ല, ആ നീർക്കോലിക്കുഞ്ഞിനെ. ഉമ്മ പ്രസവിക്കാത്ത ഒരു നീർക്കോലിക്കുഞ്ഞിനെ ഉമ്മ മുല കൊടുത്ത് എന്തിനു വളർത്തണം?



“പിന്നെ ഇതെന്തിനാടീ?”

“ഞാൻ എങ്ങനെ അറിയാനാണ്?”

“ഇവിടെ ഇതെങ്ങനെ വന്നെടീ?”

“ഞാനെങ്ങനെ അറിയും?” ഉമ്മ പറഞ്ഞു. "അവനായിരിക്കും!”

ഈ അവൻ എന്ന് പറഞ്ഞാൽ ഇവൻതന്നെയാണ്.

“അവനെവിടെടീ?”

“അവിടെയെങ്ങാനും കാണും.”

അങ്ങനെയാണ് ‘എടാ’ എന്നുള്ള അട്ടഹാസമുണ്ടായത്. ഞാൻ സന്നിധിയിൽ ചെന്നു. നീർനാഗം കിടന്നു പുളയുന്നത് ഞാൻ ഞെട്ടലോടെ കണ്ടു.

“എന്തെടാ ഇത്?”

ഞാൻ പറഞ്ഞു : “നീർനാഗം.” ബാപ്പ ചിരിച്ചു.

“കേട്ടോടീ, പാവപ്പെട്ട നീർക്കോലിക്കുഞ്ഞ് നീർനാഗം!”

ഉമ്മ പറഞ്ഞു : “പള്ളിക്കൂടത്തിലങ്ങനേരിക്കും പറഞ്ഞുകൊടുക്കുന്നത്.”

എന്നാൽ ഇത് ഞാൻ സ്കൂളിൽനിന്ന് പഠിച്ചതല്ല. ഞങ്ങളുടെ നാട്ടിൽ ഒരു പാമ്പുകളിക്കാരൻ വന്നു. തമിഴനാണ്. സാമാന്യം ഭേദപ്പെട്ട രണ്ടുമൂന്ന് മൂർഖൻ പാമ്പുകൾ ഉണ്ടായിരുന്നു. അതിനെ മേൽപ്പടിയാൻ ചന്തയിലെല്ലാം കൊണ്ടുനടന്നു കളിപ്പിച്ചു. ഒരു നാലുമണി ആയപ്പോൾ അദ്ദേഹം വെളിമ്പറമ്പിൽ പാമ്പുകളുടെ കൊട്ട അരികിൽ വെച്ചിട്ടുറങ്ങി. ഉണർന്നു നോക്കുമ്പോൾ പാമ്പുകളുമില്ല, കൊട്ടയുമില്ല. സ്ഥലത്തെ കള്ളന്മാരാരോ മോഷ്ടിച്ചുകളഞ്ഞു.

പിന്നെ ആ പാമ്പുകളും കൊട്ടയും കിട്ടുന്നത് നാലു ദിവസം കഴിഞ്ഞാണ്. ആ നാല് ദിവസം പണിയൊന്നുമില്ലാതെ പട്ടിണി കിടക്കാൻ കഴിയാത്തതു കൊണ്ട് അദ്ദേഹം കുറെ പാമ്പുകളെ പിടിക്കാൻ ഉഗ്രൻ ശ്രമം നടത്തി. അനേകതരത്തിലുള്ള ഉഗ്രൻ പാമ്പുകളുള്ള സ്ഥലത്തുനിന്ന് അദ്ദേഹത്തിന് പിടിക്കാൻ കഴിഞ്ഞത് നാലഞ്ചു നീർക്കോലികളെയാണ്. അദ്ദേഹം അതിനെയെല്ലാംകൊണ്ട് ചന്തയിൽ വന്നു. “പാരുങ്കോ! പാരുങ്കോ! നീർനാകം!”എന്ന് ഒച്ചയെടുക്കാൻ തുടങ്ങി. ആളുകൾ ചിരിച്ചു. അദ്ദേഹത്തിന്റെ അടുത്തുനിന്നാണ് നീർനാഗം എനിക്ക് കിട്ടിയത്. തമിഴ്നാട്ടിനോടുള്ള കടപ്പാട് ഞാനിവിടെ തുറന്നു സമ്മതിച്ചുകൊള്ളട്ടെ. എന്നാൽ ബാപ്പ ഇത് സമ്മതിക്കുമോ?

"എടാ!" ബാപ്പാ പറഞ്ഞു: "ഇതെന്തിനാടാ നീ ഇവിടെ കൊണ്ടുവന്നു വെച്ചത്?" ഞാൻ മിണ്ടിയില്ല. ബാപ്പ സാധാരണയായി എന്നെ അടിക്കാറുള്ള ചൂരൽവടി കൊണ്ട് കാൽ ഡസൻ അടി എന്റെ തുടയിൽ വെച്ചുതന്നു. നല്ല ഒന്നാം നമ്പർ അടിയൊന്നുമല്ല, ഇടത്തരം. ബാപ്പ എന്നെക്കൊണ്ട് നീർനാഗത്തെ എടുപ്പിച്ചു തോട്ടിന്റെ അടുത്തു ചെന്നു. ഞാൻ ആ കുരുക്ക് ഊരി അതിനെ മോചിപ്പിച്ചു. ബാപ്പാ പറഞ്ഞു: "അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒന്നിനേയും കാരണം കൂടാതെ ദ്രോഹിക്കരുത്."



സർപ്പയജ്ഞം — വൈക്കം മുഹമ്മദ് ബഷീർ

## ചിരിച്ചുചിരിച്ച്...

കഥ വായിച്ചല്ലോ.. നിങ്ങളെ ചിരിപ്പിച്ച സന്ദർഭങ്ങൾ ഏതെല്ലാമായിരുന്നു? പറയൂ.

## കുസൃതിപ്പതിപ്പ്

കുസൃതിത്തരങ്ങൾ നിറഞ്ഞതാണ് ബാല്യകാലം. നീർനാഗത്തെ പിടിച്ച ബഷീറിന്റെ അനുഭവം നമ്മൾ വായിച്ചു.

ഇതുപോലുള്ള പല കുസൃതികളും വികൃതികളും ചെയ്തവരല്ലേ നിങ്ങളും? അവയിൽ ചിലത് ഇപ്പോൾ ഓർമ്മ വരുന്നില്ലേ? നിങ്ങളുടെ കുസൃതികൾ കൂട്ടുകാരുമായി പങ്കുവയ്ക്കൂ. ഇതൊരു കുറിപ്പായി എഴുതുകയും വേണം.

കുറിപ്പിന് ഇണങ്ങുന്ന പേരു നൽകാൻ മറക്കരുത്.

എല്ലാവരും എഴുതിയ അനുഭവക്കുറിപ്പുകൾ ചേർത്ത് ഒരു കുസൃതിപ്പതിപ്പ് തയ്യാറാക്കണം.

ചിത്രങ്ങളും ചേർത്ത് ഭംഗിയാക്കാം.


ഈ പതിപ്പിനും വേണം ഒരു രസികൻ പേര്.

കുട്ടിക്കാലത്തെ ഒരു കുസൃതിയനുഭവം എഴുതിത്തരാൻ ടീച്ചറോടും പറയണം.

## കഥാപാത്രപരിചയം

കഥയിലെ ഒരു പ്രധാന കഥാപാത്രമാണ് ബഷീറിന്റെ ബാപ്പ. അദ്ദേഹത്തിന്റെ സ്വഭാവത്തിന് എന്തെല്ലാം പ്രത്യേകതകളുണ്ട്? അവയെല്ലാം ഉൾപ്പെടുത്തി ബഷീറിന്റെ ബാപ്പയെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് എഴുതൂ.

## മ്മ്ണി ബല്യ ലോകം



ബഷീറിന്റെ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽനിന്നും അടുത്തുള്ള വായനശാലയിൽ നിന്നും എടുത്തു വായിക്കൂ. അവയിലെ രസകരമായ സംഭവങ്ങളെയും ആനവാരി രാമൻനായർ, പൊൻകുരിശ് തോമ, എട്ടുകാലി മമ്മൂഞ്ഞ്, തുടങ്ങിയ കഥാപാത്രങ്ങളെയും പരിചയപ്പെടാം. അദ്ദേഹത്തിന്റെ രസകരമായ കഥകൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൂ.


### പദപരിചയം

| | | |
|---|---|---|
| അട്ടഹാസം | - | അലർച്ച |
| അരകല്ല് | - | അരയ്ക്കുന്ന കല്ല് |
| ആശു | - | പെട്ടെന്ന് |
| ഉച്ചിക്കുടുമ | - | നെറുകയിൽ കെട്ടിയ മുടി |
| ഉദ്വേഗജനകം | - | അമ്പരപ്പുണ്ടാക്കുന്ന, പരിഭ്രമിപ്പിക്കുന്ന |
| എടുപിടീന്ന് | - | വളരെ പെട്ടെന്ന് |
| കാന്തി | - | ശോഭ, തിളക്കം |
| കേശം | - | തലമുടി |
| കൊഞ്ചുംമൊഴി | - | കൊഞ്ചിപ്പറയൽ |
| ക്ഷ പിടിച്ചു | - | നന്നായി ഇഷ്ടപ്പെട്ടു |

| | | |
|---|---|---|
| ചിണുക്കി | - | കുടുക്കി |
| ചെങ്കുത്തായ | - | നേരേ കുത്തനെയുള്ള, കീഴ്ക്കാംതൂക്കായ |
| ചെപ്പ് | - | അടപ്പുള്ള ചെറിയ പാത്രം |
| ചെമ്പിച്ച | - | ചെമ്പിന്റെ നിറമുള്ള |
| ഞെട്ട് | - | പൂവിനെയും ഇലയെയും തണ്ടുമായി ബന്ധിപ്പിക്കുന്ന ഭാഗം |
| ഞൊറി | - | വസ്ത്രത്തിൽ ഭംഗിക്കായി ഉണ്ടാക്കുന്ന മടക്കുകൾ |
| ഞൊറിഞ്ഞു | - | ഞൊറിയിട്ടുടുത്തു |
| തണ്ടികപ്പാവ | - | കെട്ടിത്തൂക്കിയ പാവ |
| തണ്ട് | - | തുഴ (പങ്കായം), പല്ലക്ക് |
| തള്ളിവരുന്ന | - | ശക്തിയോടെ വരുന്ന |
| തെളിച്ചം | - | പ്രകാശം, പ്രസന്നത |
| ദശാന്തരം | - | സന്ദർഭം |
| ദാരുണം | - | സങ്കടമുണ്ടാക്കുന്നത് |
| പറ്റു വിളിക്കുക | - | കുഴൽവിളിക്കുക |
| പള്ള | - | വയറ് |
| പിമ്പൻ | - | പിന്നിൽ നിൽക്കുന്നവൻ |
| പെരിയ | - | വലിയ |
| ബമ്പൻ | - | വമ്പൻ |
| മരതകം | - | പച്ചനിറമുള്ള രത്നം |
| മലരണിക്കാട് | - | പൂക്കൾ നിറഞ്ഞ മനോഹരമായ കാട് |
| മണ്ടുക | - | ഓടുക |
| മാരുതൻ | - | കാറ്റ് |
| മിഴി | - | കണ്ണ് |
| മുഞ്ഞി | - | മുഖം |
| മുമ്പൻ | - | മുന്നിൽ (ആദ്യം) എത്തുന്നവൻ |
| മുഴുപ്പ് | - | വണ്ണം |
| വമ്പിച്ച | - | വലിയ |
| വലഞ്ഞു | - | തളർന്നു |
| വിരുതൻ | - | സമർത്ഥൻ |
| വെല്ലുവിളി | - | ബുദ്ധിമുട്ടുള്ള ഒരു കാര്യം ഏറ്റെടുക്കാനുള്ള ആഹ്വാനം |
| ലസൽ | - | ലസിക്കുന്ന (ശോഭിക്കുന്ന) |
| ശീല | - | തുണി |

3

# നടന്നുനടന്ന്, പിന്നെ പറന്നുപറന്ന്



കുത്തുകൾ യോജിപ്പിച്ചുനോക്കൂ...

ചിത്രത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം പറയാനുണ്ട്?

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

# ഇടുക്കിയുടെ താജ്മഹൽ

വെള്ളത്തൂവൽ ഗ്രാമത്തിലെ മുതിരപ്പുഴയുടെ തീരത്തായിരുന്നു രാജന്റെയും ഭാര്യയുടെയും വീട്. അവർക്ക് രണ്ട് മക്കൾ. ഏഴാംക്ലാസിൽ പഠിക്കുന്ന അഖിലും അഞ്ചിൽ പഠിക്കുന്ന അമ്മുവും.

ഒരു ദിവസം സന്ധ്യയ്ക്ക് പണി കഴിഞ്ഞു വന്ന രാജനോട് അഖിൽ ചോദിച്ചു.

"അച്ഛാ, ഈ താജ്മഹൽ എവിടെയാണ്?"

രാജന് പെട്ടെന്ന് ഉത്തരം പറയാൻ കഴിഞ്ഞില്ല. അറിയാത്തത് അറിയില്ലെന്നുതന്നെയാണ് കുട്ടികളോട് പറയേണ്ടത് എന്ന് അയാൾ മനസ്സിലാക്കിയിരുന്നു.

"അച്ഛന് പെട്ടെന്ന് ഓർമ്മ കിട്ടുന്നില്ല, മോനേ. പുസ്തകം നോക്കിയിട്ട് പറഞ്ഞു തരാം."

സംശയം തീർക്കാൻ പുസ്തകങ്ങളൊന്നും അവിടെ ഉണ്ടായിരുന്നില്ല. എങ്കിലും ആരോടൊക്കെയോ ചോദിച്ച് മനസ്സിലാക്കി രാജൻ പറഞ്ഞുകൊടുത്തു.

"ആഗ്ര എന്ന സ്ഥലത്താണ് താജ്മഹൽ."

"അച്ഛാ, എനിക്ക് താജ്മഹൽ കാണണം. ഞങ്ങളെ ഒരു ദിവസം അവിടെ കൊണ്ടുപോകാമോ?"

രാജൻ വളരെനേരം ആലോചിച്ചു. ഇന്ത്യയുടെ ഏതോ ഒരറ്റത്താണ് ആഗ്ര. അവിടെവരെ പോകാൻ ആയിരക്കണക്കിന് രൂപ വേണം. ഹിന്ദി അറിയണം. തീവണ്ടിയിലൊക്കെ യാത്ര ചെയ്തുള്ള പരിചയവും വേണം. വെള്ളത്തൂവൽപോലൊരു ഗ്രാമത്തിൽനിന്ന് ഒരാൾക്ക് ഒരിക്കലും താജ്മഹൽ കാണാൻ പോകാൻ കഴിയുകയില്ലെന്ന് അയാൾക്ക് തോന്നി.

ഇടുക്കി ജില്ലയിലെ മനോഹരമായ ഒരു ഗ്രാമമാണ് വെള്ളത്തൂവൽ. ചുറ്റും ധാരാളം പച്ചമലകൾ തല പൊക്കിയ മനോഹരമായ ഒരു താഴ്‌വരയിലാണ് ആ പ്രദേശം. റബ്ബറും തെങ്ങും കമുകും നെല്ലുമായിരുന്നു മിക്കവരുടെയും

കൃഷി. ചിലരൊക്കെ ഏലവും കുരുമുളകും ഗ്രാമ്പൂവും നട്ടുണ്ടാക്കി. അങ്ങനെ കൃഷി ചെയ്യുന്നവരുടെ സ്ഥലങ്ങളിൽ ജോലിയെടുക്കാനും ധാരാളം ആളുകളുണ്ടായിരുന്നു. അത്തരത്തിൽ കൂലിപ്പണി ചെയ്ത് കുടുംബം പുലർത്തിയിരുന്ന സാധാരണക്കാരനായിരുന്നു രാജൻ.


അച്ഛനിൽനിന്നും മറുപടി കിട്ടാതെ വന്നപ്പോൾ അഖിൽ പിന്നെയും ചോദിച്ചു:

“അടുത്ത വെക്കേഷന് അച്ഛൻ ഞങ്ങളെ താജ്മഹൽ കാണിക്കാൻ കൊണ്ടുപോകുമോ?”

അവനെ സമാധാനിപ്പിക്കാനായി രാജൻ പറഞ്ഞു:

“നന്നായി പഠിച്ചാ വേനൽപ്പൂട്ടിന് നമ്മൾ താജ്മഹൽ കാണാൻ പോകും.”

അമ്മകൂടി ഉറപ്പു പറയുമ്പോഴാണല്ലോ കുട്ടികൾക്ക് ശരിക്കുമൊരു സന്തോഷമുണ്ടാകുക. അഖിൽ അമ്മയോട് ചോദിച്ചു:



“അച്ഛൻ കൊണ്ടുപോകുമോ, അമ്മേ?”

അവർക്ക് കൃത്യമായ ഉത്തരമുണ്ടായിരുന്നില്ല. എങ്കിലും മകനെ സമാധാനിപ്പിക്കാനായി അവർ പറഞ്ഞു.

“അച്ഛൻ പറഞ്ഞെങ്കിൽ അങ്ങനെതന്നെ ചെയ്യും. സ്കൂളടയ്ക്കട്ടെ.”

അഖിലിനു സന്തോഷമായി. അവൻ താജ്മഹലിനെ സ്വപ്നം കാണാൻ തുടങ്ങി. കിട്ടാവുന്നിടത്തുനിന്നെല്ലാം താജ്മഹലിന്റെ ചിത്രങ്ങൾ സമ്പാദിച്ചു. ഷാജഹാന്റെയും ഭാര്യ മുംതാസ് മഹലിന്റെയും കഥകൾ അവൻ ശേഖരിക്കുകയും സ്കൂൾ വിട്ടുവന്ന് അമ്മയോടും അനിയത്തിയോടും അതൊക്കെ വർണിച്ചു പറയുകയും ചെയ്തു.

വേനലവധിക്ക് വിനോദയാത്ര പോകുന്ന കാര്യം സ്കൂളിലെ കൂട്ടുകാരോട് പറയാനും അഖിൽ മറന്നില്ല.

“ഞങ്ങള് താജ്മഹല് കാണാൻ പോകൂലോ”

കൂട്ടുകാരിൽ ചിലരത് വിശ്വസിച്ചു. കുറേപ്പേർ അവിശ്വസിക്കുകയും ചെയ്തു.

ദിവസങ്ങൾ ഓടിയോടിപ്പോയി. അങ്ങനെ മാർച്ച് അവസാനമായി. സ്കൂളടച്ചു.

പിറ്റേദിവസം രാവിലെ അഖിൽ അച്ഛനോട് ചോദിച്ചു.

“എപ്പളാ അച്ഛാ നമ്മള് താജ്മഹല് കാണാൻ പോകുന്നത്?”

രാജൻ ഞെട്ടിപ്പോയി. ഇത്രയും കാലംകൊണ്ട് അവനക്കാര്യം മറന്നിട്ടുണ്ടാവുമെന്നാണ് സാധുവായ ഏതൊരു പിതാവിനെയുംപോലെ രാജനും വിചാരിച്ചിരുന്നത്. വാസ്തവത്തിൽ മക്കളോട് വാക്കു പറഞ്ഞത് രാജൻ ഇടയ്ക്കിടെ ഓർമ്മിക്കാറുണ്ടായിരുന്നു. പക്ഷേ, ഒരു കൂലിവേലക്കാരന്റെ സ്വപ്നത്തിനുപോലും താങ്ങാനാവാത്തതായിരുന്നു താജ്മഹൽ യാത്ര. ഉള്ളതു തുറന്നു പറയുകയാണ് നല്ലതെന്ന് അയാൾക്ക് തോന്നി.

“മോനേ, അവിടെവരെ പോയി വരാൻ ഒരുപാട് കാശ് വേണം. ഇക്കൊല്ലം നമുക്കതിന് കഴിയുമോ എന്നറിയില്ല. അടുത്ത വർഷം എന്തായാലും...”

അഖിൽ മറുത്തൊന്നും പറഞ്ഞില്ല. അച്ഛന്റെ കൈയിൽ കാശില്ല. കാശുണ്ടെങ്കിൽ യാത്ര പോകുമായിരുന്നു.

ചിലപ്പോൾ നാട്ടിൽ പണികൾ വല്ലാതെ കുറയും. അപ്പോൾ വലിയ കഷ്ടമാവും. അച്ഛനും അമ്മയും അതൊക്കെ സങ്കടത്തോടെ പറയാറുണ്ട്. അഖിലും അമ്മുവും അതെല്ലാം കേൾക്കുന്നതാണ്.

യാത്ര അടുത്ത കൊല്ലമാവാം. അവർ കരുതി.

അഖിലും അമ്മുവും താജ്മഹലിനെക്കുറിച്ച് ഒരുപാട് വിവരങ്ങളും ധാരാളം ചിത്രങ്ങളും ശേഖരിച്ചിരുന്നു. ഇരുവരും ചേർന്ന് മനോഹരമായ ഒരാൽബവുമുണ്ടാക്കി. രാജനും ഭാര്യയും സങ്കടത്തോടെ അത് നോക്കി. താജ്മഹൽ കാണാൻ അവർക്കും വലിയ മോഹം തോന്നിത്തുടങ്ങിയിരുന്നു.

ഒടുക്കം രാജൻ കുട്ടികളോട് പറഞ്ഞു.

"അച്ഛനും അമ്മയ്ക്കും ഇപ്പോഴത്തെ അവസ്ഥയിൽ നിങ്ങളെ ഇത്രയും വലിയ ഒരു യാത്രയ്ക്ക് കൊണ്ടുപോകാനൊന്നും കഴിയില്ല. അതിനാൽ..."

അഖിലും അമ്മുവും വാശിപിടിച്ച് കരഞ്ഞില്ല. എങ്കിലും രണ്ടുപേർക്കും ഉള്ളിൽ നല്ല വേദനയുണ്ടായിരുന്നു. മക്കളുടെ വേദന രാജന് മനസ്സിലായി. മക്കളെ കൂട്ടി ഏതെങ്കിലും ഒരിടത്തേക്ക് എത്രയും പെട്ടെന്ന് ഒരു യാത്ര പോകുന്നതിനെക്കുറിച്ച് അയാൾ ആലോചിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം രാജൻ മക്കളോടു പറഞ്ഞു. "അച്ഛൻ നിങ്ങൾക്ക് നമ്മുടെ ജില്ലയിലെ താജ്മഹൽ കാണിച്ചുതരാൻ പോകുന്നു."

"നമ്മുടെ ജില്ലയിൽ താജ്മഹലോ?" അവർ അത്ഭുതപ്പെട്ടു.

രാജന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു.

പിറ്റേന്ന് അവർ പുറപ്പെട്ടു. വെള്ളത്തൂവലിൽനിന്ന് ബസ്സു കയറി. രണ്ടുമൂന്ന് ബസ്സുകൾ മാറിക്കയറി ഒരു ചെറിയ പട്ടണത്തിലെത്തി. കുട്ടികൾ ചുറ്റിനും നോക്കി. കുറച്ചുമാത്രം കടകളും ആളുകളുമുള്ള ഒരു ചെറിയ കവല. അമ്മയുടെ മുഖത്ത് ഒരു ചെറിയ മന്ദഹാസം വിരിയുന്നത് അവർ കണ്ടു. രാജൻ അവരുടെ കൈപിടിച്ച് കുറച്ചുദൂരം നടന്നിട്ട് കൈ ചൂണ്ടി.

"നോക്കൂ, ഇതാണ് നമ്മുടെ ജില്ലയിലെ താജ്മഹൽ!"

കുട്ടികൾ വിസ്മയിച്ചുപോയി. അവരുടെ മുന്നിൽ ഇടുക്കി അണക്കെട്ട് ആകാശത്തേക്ക് തലയുയർത്തി നിൽക്കുകയായിരുന്നു.



“അമ്മേ, ഇത് ഇടുക്കി അണക്കെട്ടല്ലേ?”

അമ്മ പുഞ്ചിരി തൂകി. അഖിൽ അങ്ങോട്ട് ഓടാനാഞ്ഞു. രാജൻ അവനെ പിടിച്ചു നിർത്തി. അവർ നടന്ന് അണക്കെട്ടിനു മുകൾഭാഗത്തെത്തി. പാറ വെട്ടിയുണ്ടാക്കിയ ഒരു പാതയാണ് അവരെ അവിടേക്ക് നയിച്ചത്. പാറയിൽനിന്ന് ഉറവവെള്ളം ഒഴുകുന്നുണ്ട്. നല്ല തണുപ്പുള്ള ചില്ലുവെള്ളം!

വിസ്മയിപ്പിക്കുന്ന കാഴ്ചയായിരുന്നു അത്. രണ്ട് കരിമ്പാറമലകൾക്കിടയിൽ നദിയെ തടഞ്ഞുനിർത്തുന്ന വമ്പൻ ഭിത്തി. ശാപംമൂലം കരിമ്പാറമലകളായി ഉറഞ്ഞുപോയ ആദിമനിവാസികളായ കുറത്തിയും കുറവനും ആണത്രെ അത്.

അഖിൽ ഒന്ന് കൂക്കിവിളിച്ചു. അപ്പോൾ അകലെ നിന്ന് മറുകൂക്ക് കേട്ടു. കുറവനും കുറത്തിയുമായിരിക്കും മറുകൂക്കിട്ടത്...! അഖിലിന് അതോർത്തപ്പോൾ ചിരി വന്നു. അമ്മുവും ഒരു കുഞ്ഞിക്കൂവൽ കൂവി.

അണക്കെട്ടിന്റെ ഒരു വശം മുഴുവൻ നിറഞ്ഞു കിടക്കുകയാണ് നീലജലം. അകലെ മാനത്തെ നോക്കിക്കിടക്കുന്ന പച്ചമലകൾ. മുന്നിലായി വളഞ്ഞുകിടക്കുന്ന അണക്കെട്ടിന്റെ ചായം പൂശിയ ഭിത്തി. അതിന് ഒരു റോഡിനേക്കാൾ വീതിയുണ്ട്. നടന്നിട്ടും നടന്നിട്ടും തീരാത്ത നീളമായിരുന്നു 'റ' പോലെ കിടന്ന അണക്കെട്ടിന്റെ ഭിത്തിക്ക്. അഖിലിനും അമ്മുവിനും ഒരുപാട് സന്തോഷമായി.

ഏറെ നേരത്തിനു ശേഷം ബസ്സിറങ്ങിയ സ്ഥലത്തിനടുത്ത് അവർ തിരിച്ചെത്തി.

"കണ്ടുകഴിഞ്ഞില്ല. ഇനിയാണ് നമ്മൾ ശരിക്കും അണക്കെട്ടിനെ അറിയാൻ പോകുന്നത്. വരൂ..." കുട്ടികൾ രാജന്റെ പിന്നാലെ ഉത്സാഹത്തിൽ നടന്നു. തീരെ പ്രതീക്ഷിക്കാത്ത ഒരിടത്തേക്കായിരുന്നു രാജൻ അവരെ നയിച്ചത്. അത് കുറവൻമലയുടെയും കുറത്തിമലയുടെയും ഇടയ്ക്കുള്ള അണക്കെട്ടിന്റെ ചുവടുഭാഗമായിരുന്നു.

രാജൻ ഭാര്യയെയും മക്കളെയും കൂട്ടി അങ്ങോട്ട് നടന്നു. അടുത്തെത്തും തോറും അണക്കെട്ടും ഇരുവശത്തുമുള്ള മലകളും വലുതായി വലുതായി വരുന്നതായി അഖിലിനും അമ്മുവിനും തോന്നി.

"അച്ഛാ, അങ്ങോട്ട് ഇനി പോകണോ?" അമ്മു സംശയം പ്രകടിപ്പിച്ചു. രാജൻ അമ്മുവിന്റെ കൈപിടിച്ചു. അപ്പോൾ അവൾക്ക് ധൈര്യം വന്നു. അഖിലിന് പേടിയുണ്ടായിരുന്നില്ല. മറിച്ച്, വല്ലാത്ത ആവേശമുണ്ടായിരുന്നു താനും. അണക്കെട്ട് കെട്ടിപ്പൊക്കിയിരിക്കുന്ന മലകൾക്കിടയിലെ താഴ്വാരത്തിലേക്ക് അവരെത്തി. ഒരു വല്ലാത്ത തണുപ്പ് ഉണ്ടായിരുന്നു അവിടെ. കുറവൻമലയും കുറത്തിമലയും കാത്തുവയ്ക്കുന്ന അണക്കെട്ടിന്റെ യഥാർത്ഥസൗന്ദര്യം അവരറിഞ്ഞത് താഴെ അണക്കെട്ടിനോട് ചേർന്നു നിന്നപ്പോഴാണ്.



“എന്തൊരു ഉയരം!”

“എത്രയെത്ര മനുഷ്യന്മാർ പണിയെടുത്തിട്ടുണ്ടാവും ഇത് കെട്ടിപ്പൊക്കാൻ!”

“ശരിക്കും അത്ഭുതംതന്നെ!”

‘V’ ആകൃതിയിൽ മുകളിലേക്ക് വളരുന്ന അണക്കെട്ടിന്റെ ഏറ്റവും ചുവട്ടിലായി സിമന്റ് ബെഞ്ചുകൾ ക്രമീകരിച്ചിരുന്നു. ചെറിയൊരു ജലാശയം അവരവിടെ കണ്ടു. അവർ ചെന്ന് അണക്കെട്ടിന്റെ ഭിത്തിയിൽ തൊട്ടു. അതോടെ ഉള്ളിൽ അവശേഷിച്ചിരുന്ന ഭീതിയും മാഞ്ഞുപോയി. അണക്കെട്ട് അവർ നാലുപേരെയും ചേർത്തുപിടിക്കുന്നതുപോലെ രാജനും മക്കൾക്കും തോന്നി.

“ഇനി മുകളിലേക്ക് നോക്കൂ...” അണക്കെട്ടിന്റെ ഭിത്തിയിൽ പുറം ചാരി നിന്ന ശേഷം രാജൻ എല്ലാവരോടുമായി പറഞ്ഞു. അയാളാദ്യം മുകളിലേക്ക് തലപൊക്കി നോക്കി. പിന്നെ മറ്റുള്ളവരും.

നാലു തൊണ്ടകളിൽനിന്നും വിസ്മയശബ്ദം ഉയർന്നു.

നീലാകാശത്തിനു താഴെ അണക്കെട്ട് ഒരു സർപ്പശിരസ്സുപോലെ അവർ നാൽവരുടെയും തലയ്ക്കു മീതെ മറ പിടിച്ചിരിക്കുകയായിരുന്നു. ഇരുവശത്തേക്കും താഴെനിന്നു മുകളിലേക്കും വളവുള്ള രീതിയിലാണല്ലോ അണക്കെട്ട് പണിതുയർത്തിയിരിക്കുന്നത്. അത് ശരിക്കുംകാണാൻ അങ്ങനെ ഏറ്റവും ചുവട്ടിൽ പോയി നിൽക്കുകതന്നെ വേണം.

അഖിലും അമ്മുവും കണ്ണുകൾ അടച്ചു.

അണക്കെട്ട് കാലങ്ങളായി തടുത്തുനിർത്തിയിരിക്കുന്ന വെള്ളത്തിന്റെ തണുപ്പ് ഭിത്തിയെ ഭേദിച്ച് അവരെ തേടിയെത്തി, അമ്മയെപ്പോലെ. കാതുകളിൽ പ്രപഞ്ചത്തിന്റെ ഇരമ്പം അവരറിഞ്ഞു. അവർക്ക് ആദ്യം തോന്നിയിരുന്ന ഭയം ശരിക്കും മാറിപ്പോയി.

“അണക്കെട്ടമ്മേ” അഖിലാണ് ആദ്യം അങ്ങനെ വിളിച്ചത്.

പിന്നെ ഏട്ടനെ അനുകരിച്ചുകൊണ്ട് അമ്മുവും.

“ഇതാണ് നമ്മുടെ നാട്ടിലെ” രാജൻ പറയാൻ തുടങ്ങി.

“താജ്മഹൽ!” കുട്ടികൾ പൂരിപ്പിച്ചു. രാജനും ഭാര്യയും ചിരിച്ചു.

സുസ്മേഷ് ചന്ത്രോത്ത്

## ഉറക്കെ വായിക്കാം

ഓരോരുത്തരും ഇഷ്ടപ്പെട്ട ഭാഗം ഉറക്കെ വായിക്കൂ. ഇഷ്ടപ്പെടാനുള്ള കാരണങ്ങളും പറയണേ.

## യാത്രാനുഭവം

യാത്രകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്.

നിങ്ങൾ നടത്തിയ ഒരു യാത്രയുടെ ഒരുക്കങ്ങളും അനുഭവങ്ങളും കൂട്ടുകാരുമായി പങ്കുവയ്ക്കൂ.

## വാക്കുകളുടെ ലോകം

പ്രകൃതിസൗന്ദര്യം - പ്രകൃതിയുടെ സൗന്ദര്യം

കച്ചവടക്കാരുടെ സംഘം - കച്ചവടസംഘം

പദങ്ങൾ പിരിയുമ്പോഴും കൂടിച്ചേരുമ്പോഴുമുള്ള മാറ്റങ്ങൾ കണ്ടില്ലേ?

ഈ പാഠത്തിൽ ഇങ്ങനെയുള്ള ധാരാളം വാക്കുകളുണ്ട്. അവ കണ്ടെത്തി മുകളിൽ കൊടുത്തതുപോലെ പിരിച്ചും ചേർത്തും എഴുതിവയ്ക്കൂ.

## പുഴകൾ മലകൾ പൂവനങ്ങൾ...

'ചുറ്റും ധാരാളം പച്ച മലകൾ തലപൊക്കിയ താഴ്‌വാരമാണ് ആ പ്രദേശം'

ഇതുപോലെ വാക്കുകൾകൊണ്ട് വരച്ചിട്ട കാഴ്ചകൾ ഈ പാഠഭാഗത്തിലുട നീളമുണ്ട്. അവ കണ്ടെത്തി ഉറക്കെ വായിക്കൂ.

സ്കൂൾപരിസരത്തും വീടിനടുത്തുമുള്ള ചില കാഴ്ചകളെ ഇങ്ങനെ എഴുതാൻ ശ്രമിക്കൂ.

## പേരും പ്രവൃത്തിയും


രാജൻ വളരെനേരം ആലോചിച്ചു.


വേനലവധിക്ക് വിദ്യാലയം അടയ്ക്കും.

അമ്മ പുഞ്ചിരി തൂകുന്നു.

പേരും (നാമം) പ്രവൃത്തിയും (ക്രിയ) തിരിച്ചറിഞ്ഞല്ലോ.

പാഠഭാഗം വായിച്ച് താഴെക്കൊടുത്ത പദസൂര്യൻ പൂർത്തീകരിക്കൂ.



മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

ഈ ചൊല്ലിന്റെ ആശയം എന്താണ്?

ക്ലാസിൽ ചർച്ച ചെയ്യുക. അമ്മുവിനും അഖിലിനും താജ്മഹൽ കാണാൻ കഴിഞ്ഞില്ല. ഏറെ ദൂരത്തേക്ക് പോകാനുള്ള പണവും സാഹചര്യവുമില്ലായിരുന്നു. എന്നാൽ സ്വന്തംനാട്ടിൽ ഹൃദ്യമായ അനുഭവമാണ് അവർക്ക് ലഭിച്ചത്.

നിങ്ങളുടെ നാട്ടിലുമില്ലേ ഇതുപോലെ മനോഹരമായ പ്രദേശങ്ങൾ? മാതാപിതാക്കളോടൊപ്പം അവിടം സന്ദർശിച്ച് അനുഭവം ക്ലാസിൽ പങ്കുവയ്ക്കൂ. നോട്ടുപുസ്തകത്തിൽ എഴുതൂ.

കാശ്മീർ കാഴ്ചകൾ

മഞ്ഞിൻ തൊപ്പിയിട്ട
മരത്തിന്റെ പച്ചയുടുപ്പിട്ട
അരുവികൊണ്ടരഞ്ഞാണമിട്ട
പൂക്കളാൽ വിരിപ്പിട്ട കാശ്മീരേ,
നിന്നെ ഞാനൊന്നുമ്മവച്ചോട്ടേ?

ഒരു കൂട്ടുകാരി കാശ്മീർ കണ്ട ദിവസമെഴുതിയ ഡയറിക്കുറിപ്പിലെ വാക്യങ്ങളാണിത്.

ഈ കുറിപ്പിൽ കാശ്മീരിന്റെ ഒരു ചിത്രം കാണുന്നില്ലേ? കാശ്മീരിനെ ഉമ്മ വയ്ക്കാൻ കുട്ടി ആഗ്രഹിച്ചത് എന്തുകൊണ്ടാവാം?



# ഉയരങ്ങളിലേക്കൊരു യാത്ര

പ്രിയമുള്ള മകനേ,

ഞാൻ യാത്ര അവസാനിപ്പിച്ച് ഇവിടെ എത്തിയിരിക്കുകയാണ്. സമുദ്രനിരപ്പിൽ നിന്നും ഏഴായിരത്തോളം അടി ഉയരത്തിലുള്ള കൊടൈക്കനാലിൽ. കയറിപ്പോന്നത് പഴനിയിൽനിന്ന്. പഴനിയിലെത്തിയത് മധുരയിൽനിന്നും. പഴനിയിൽനിന്ന് കൊടൈക്കനാലിലേക്കുള്ള യാത്ര ഉദ്വേഗജനകമായിരുന്നു. അടുക്കടുക്കായി മലകൾ. മലകളുടെ മടിത്തട്ടിലൂടെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് വളഞ്ഞുപുളഞ്ഞു ചുറ്റിക്കയറുന്ന മലമ്പാത. മലമ്പാതകൾക്ക് തൊട്ടുതാഴെ ചെങ്കുത്തായ താഴ്‌വാരങ്ങളും കൊല്ലികളും.

ബസ്സിലാണ് യാത്ര. ഈ മലമുകളിലേക്ക് തീവണ്ടിയില്ല. ഇവിടെ കയറിവരുന്നവർക്ക് അടുത്ത തീവണ്ടിയാപ്പീസ് കൊടൈക്കനാൽ റോഡാണ്. അവിടെനിന്നും എഴുപത്തഞ്ച് കിലോമീറ്റർ അകലെയാണ് ഞാനിപ്പോൾ എത്തിയിരിക്കുന്ന കൊടൈക്കനാൽ എന്ന സുഖവാസകേന്ദ്രം.



ബസ്സ് ചുരം കയറിത്തുടങ്ങി. ഇരുഭാഗത്തും വളരുന്ന കാപ്പിച്ചെടികളും യൂക്കാലിപ്റ്റസ് മരങ്ങളും. ഇവയ്ക്കിടയിലൂടെ സ്ഫടികജലം ഒലിച്ചുതാഴുന്ന നീർച്ചാലുകൾ. താഴെ മടക്കുമലകളുടെ വിള്ളലുകളിലൂടെ കാണുന്ന ഹരിതാഭമായ നെൽപ്പാടങ്ങൾ, പാടങ്ങൾക്കിടയിൽ പാവങ്ങൾ പാർക്കുന്ന കൂരകൾ, വിദൂരവീക്ഷണത്തിൽ കൂരിയാറ്റക്കൂടുകൾപോലെ. അല്ലെങ്കിൽ ചിതൽപ്പുറ്റുകൾ പോലെ...

ഇഴഞ്ഞിഴഞ്ഞ് ഉയരം കയറുന്ന ബസ്സിനുള്ളിലിരുന്ന് വെളിയിലേക്ക് നോക്കിയപ്പോൾ ഞാനീ ഭൂമിയിൽനിന്നും അകലുകയാണെന്ന് തോന്നി, ആകാശത്തേക്ക് ഉയരുകയാണെന്നും... ഒരു വിമാനയാത്രകണക്കെ...

ബസ്സിൽ കണ്ണാടിപ്പലകയുള്ള ജനലരികെയാണ് ഞാനിരിക്കുന്നത്. അതുകൊണ്ട് റോഡും റോഡരികും താഴ്‌വരകളും കൊല്ലികളും അനായാസമായി കാണാം. തുടക്കത്തിൽ സുന്ദരം എന്നു തോന്നിയെങ്കിലും ഡ്രൈവറുടെ ശ്രദ്ധ നൂലിട പിഴച്ചാൽ പൊടിപോലും അവശേഷിക്കാതെ അഗാധതയിൽ വീണു ചാവേണ്ടിവരുമല്ലോ എന്നോർത്തപ്പോൾ മനസ്സ് കിടുകിടുത്തു. ഭയം എന്നെ നിശ്ശേഷം കീഴടക്കി.

യാത്രക്കാരിൽ പലരും നേരമ്പോക്ക് പറയുകയും കുടുംബകാര്യം ചർച്ച ചെയ്യുകയുമാണ്. മലമുകളിലെ തോട്ടങ്ങളിൽ നിത്യവേലയ്ക്ക് പോകുന്ന കൂലിക്കാരാണ്. അവർ വാതോരാതെ സംസാരിക്കുകയും മുറുക്കിച്ചുവപ്പിച്ച തൊണ്ണുകൾ കാട്ടി കുളിരെ ചിരിക്കുകയും ചെയ്യുന്നു.

അകലെയെങ്ങോ പാറക്കൂട്ടങ്ങൾക്ക് ഇടയിലൂടെ ഒഴുകിത്താഴുന്ന നീരൊഴുക്കിന്റെ മന്ദ്രമധുരമായ സംഗീതം. മരക്കൊമ്പുകളിൽ ചിലങ്ക കിലുക്കുന്ന കുഞ്ഞിളംപക്ഷികളുടെ കളഗാനം. ഇത് രണ്ടുംമാത്രമാണ് ബസ്സിന്റെ ഇരമ്പലിനോടൊപ്പം ഉരസിയൊഴുകുന്ന വേറെ ശബ്ദങ്ങൾ.

നേരം കഴിയുംതോറും ചുരങ്ങളിൽ മഞ്ഞുവീണുതുടങ്ങി. തണുപ്പിന് കനംവെച്ചു. പാടത്തെ നെല്ലോലകളിലും തൊടികളിലും ധനുമാസത്തിൽ പുകയൂതിയെത്തുന്ന മൂടലാണല്ലോ മഞ്ഞിനെക്കുറിച്ചുള്ള നിന്റെ സങ്കല്പം. എന്നാൽ ഇവിടെ അതല്ല. തൂവെള്ളനിറമോലുന്ന പഞ്ഞിക്കെട്ടുകൾ അരയന്നപ്പക്ഷികളെപ്പോലെ ചിറകുവെച്ചടുക്കുന്നു. കയ്യെത്താവുന്ന അകലത്തിൽ പൊതിഞ്ഞുനിന്നുകൊണ്ട് ചുറ്റിപ്പറക്കുന്നു. മുന്നിൽ, പിന്നിൽ, മീതെ, കീഴെ, ബസ്സിനു ചുറ്റും! മഞ്ഞിന്റെ മേഘപടലം പൊതിഞ്ഞുമൂടിയപ്പോൾ,

കയമില്ലാത്ത പാൽക്കടലിലൂടെ ബസ്സൊഴുകുകയാണെന്ന പ്രതീതിയുളവായി. ഏതോ സ്വപ്നലോകത്തിലൂടെ സഞ്ചരിക്കുകയാണെന്നും തോന്നി.



മുന്നിലെ വിളക്ക് തെളിയിച്ചുകൊണ്ടാണ് ബസ്സ് നീങ്ങുന്നത്. ഒരു കൊച്ചുവീടിന്റെ മുറ്റത്തോളം മാത്രമേ മുന്നിൽ ദൃശ്യമാകുന്നുള്ളൂ. മഞ്ഞിന്റെ കണ്ണാടിപ്പലക മുഖം മറച്ചു നിൽക്കുന്നു. കണ്ണാടിപ്പലകയുടെ കൂട്ടിനകത്ത് ബസ്സിന്റെ ഇരമ്പൽ കൂറ്റൻ കരിവണ്ടിന്റെ മൂളക്കം പോലെ ചെകിടടപ്പിക്കുന്നു. തണുപ്പാണെങ്കിൽ അസഹ്യം. ഒട്ടിപ്പിടിച്ച കൂറ്റൻ അട്ടകളെപ്പോലെ ശൈത്യം കടിച്ചുകീറുന്നു. ബസ്സ് കൊടൈക്കനാൽ എത്തി. അപ്പോഴേക്കും പകൽ രാത്രിക്കുവേണ്ടി അരങ്ങൊഴിഞ്ഞുകൊടുത്തിരുന്നു.

കഥയുറങ്ങുന്ന വഴിയിലൂടെ — കെ.തായാട്ട്

### പദമറിഞ്ഞ്

പാഠഭാഗം വായിച്ച്, പുതിയ പദങ്ങൾ കണ്ടെത്തൂ. നിഘണ്ടു നോക്കി അർഥം മനസ്സിലാക്കി കുറിക്കുമല്ലോ.

### വാക്കിൽ തെളിയും ചിത്രങ്ങൾ



മലയാളത്തിന്റെ പ്രശസ്ത സഞ്ചാരസാഹിത്യകാരൻ എസ്.കെ.പൊറ്റെക്കാട്ട് നൈൽനദിയിലൂടെ സഞ്ചരിക്കുമ്പോൾ കണ്ട ചില കാഴ്ചകളെ ഇങ്ങനെയാണ് ആവിഷ്കരിച്ചത്.

- തടികളടുക്കിവച്ചതുപോലെ തടിയൻ മുതലകൾ
- കാറ്റു നിറച്ച തോൽസഞ്ചികൾപോലെ ഹിപ്പോകൾ

ഈ പാഠഭാഗത്തിലും ഇത്തരം വാക്യങ്ങളുണ്ട്. അവ കണ്ടെത്തി എഴുതൂ.

ഉദാ: കൂരിയാറ്റക്കൂടുകൾപോലെ കൂരകൾ

- 
- 
- 
- 

### കത്തെഴുതാം

സ്കൂൾ ലൈബ്രറിയിൽനിന്നോ അടുത്ത വായനശാലയിൽ നിന്നോ യാത്രാവിവരണങ്ങൾ എടുത്ത് വായിക്കുക. അവയിൽ നിങ്ങൾക്കിഷ്ടപ്പെട്ട ഒരു യാത്രാവിവരണത്തെ പരിചയപ്പെടുത്തിക്കൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതൂ.

ഒരുമിച്ച് പാടാം...

### തീവണ്ടിപ്പാട്ട്

കുതിച്ചു പായും തീവണ്ടീ
കിതച്ചുനിന്നൊരു കൊടി കണ്ട്
പിടിച്ചു കയറീ ഞാനും പലപല
മുറികളിലൊന്നിൽ, രസമുണ്ട്!

ഇടക്ക് ചൂളം വിളിയുണ്ട്
പിടച്ചിലുള്ളിൽ പലതുണ്ട്
വലിച്ചു മണ്ട്ണ വണ്ടിക്കാരനെ
കാണാനുള്ളിൽ കൊതിയുണ്ട്

ഒരു കൂട്ടുകാരന്റെ ആദ്യ തീവണ്ടിയാത്രയെക്കുറിച്ചാണ് ഈ പാട്ട്. നിങ്ങൾ നടത്തിയ തീവണ്ടി, ബസ്, വിമാനയാത്രകളിൽ (ജലയാത്രയുമാവാം) കണ്ട കാഴ്ചകൾ ചിത്രമായോ കവിതയായോ വർണ്ണനയായോ ആവിഷ്ക്കരിക്കൂ.



നമുക്കിനി ആദ്യവിമാനയാത്രയെക്കുറിച്ച്
ഉണ്ണി പറയുന്നതെന്തെല്ലാമെന്നറിയാം.

# ഉണ്ണിയുടെ വിമാനയാത്ര

വാരൊളിയാളുമിപ്പാവപ്പരുന്തിന്റെ
വായിൽ നാം ചെന്നേറിയല്ലോ.
കൂറ്റൻമരങ്ങൾക്കു മീതെയിതാർക്കുന്ന
കാറ്റിൽപ്പറക്കുകയല്ലോ.
പിന്നെയും വീട്ടിലേയ്ക്കെത്തുംവരെയ്ക്കമ്മ-
യെന്നെ മടിയിലിരുത്തൂ.



ഇത്തിരി മുമ്പു നാം നിന്ന നിരത്തൊരു
ചിത്രമായ് മങ്ങുന്നു നോക്കൂ.
നിശ്ശബ്ദമായങ്ങു പായുന്നു കാറുകൾ
നീങ്ങുന്നു മിണ്ടാതെയാൾക്കാർ.
മന്നിടം നീളെക്കളിക്കോപ്പു ചിന്നിയ
തിണ്ണയായ് മാറുകയല്ലോ.
നാലുപാടും നറുപച്ചപ്പിൽ തൂവെള്ളി-
നാടകൾ വീണിഴയുന്നോ?

നീലാന്തരീക്ഷത്തിൽ കുന്നുകുന്നായ് മുകിൽ-
മാല പതഞ്ഞുപൊങ്ങുന്നൂ.
വെണ്മയും നീലവും നീലവും വെണ്മയും
വേറെ നിറങ്ങളില്ലെങ്ങും.

എങ്ങുപോയ് ആയിരം ജീവികൾതന്നൊച്ച,
എങ്ങുപോയ് ഗന്ധങ്ങളെല്ലാം?
ഒന്നുമില്ലല്ലോ ചിറകിന്നൊലിയല്ലാ,-
തുണ്ണിക്കു തോന്നുന്നു പാടാൻ!
പാറിയുയരുമ്പോളേതു പറവയും
പാടുവാനെന്തെന്നറിഞ്ഞേൻ.





വീട്ടുമുറ്റങ്ങളിലീ വിമാനത്തിൽക്കൺ-
നട്ടു നില്പുണ്ടാമെൻ കൂട്ടർ.
പിഞ്ചുകൈ ചൂണ്ടുന്നുമുണ്ടാ, മിതിലേറാൻ
നെഞ്ചിലൊട്ടാശയുമുണ്ടാം.

അന്തിക്കു വാനിന്റെ വക്കത്തു നില്ക്കുന്നു
ചെന്തീയുടുപ്പിട്ട സൂര്യൻ.
പണ്ടെങ്ങും കാണാത്ത ചേലും വലിപ്പവു-
മുണ്ടിതിന്നിപ്പോളെന്നമ്മേ!

എല്ലാം നിഴൽപ്രായമാകാശക്കപ്പലി-
തല്ലിന്നടിയിൽ നീന്തുമ്പോൾ,
ചുറ്റും കടന്നുവന്നുണ്ണിനക്ഷത്രങ്ങ-
ളുറ്റുനോക്കിക്കൊണ്ടേ നില്പൂ
നോക്കുക താഴെ വെളിച്ചത്തിൻ മൊട്ടുകൾ
വെക്കം വിരിഞ്ഞുവരുന്നു.

ബാലഹൃദയം — ബാലാമണിയമ്മ

## ഈണം കണ്ടെത്താം

എല്ലാവരും ചേർന്ന് കവിതയ്ക്ക് ഈണം കണ്ടെത്തിച്ചൊല്ലുമല്ലോ.

## ഭാവനയിൽ കാണാം

ആകാശത്തുനിന്ന് താഴേക്ക് നോക്കുമ്പോൾ ഉണ്ണി കണ്ട കാഴ്ചകളെന്തെല്ലാമാണ്?

താഴെ നില്ക്കുന്ന കുട്ടി മേലെ പോകുന്ന വിമാനത്തെ നോക്കി പറയുന്നതെന്തെല്ലാം?

ഉണ്ണിനക്ഷത്രങ്ങൾ ഉണ്ണിയെ ഉറ്റുനോക്കുമ്പോൾ അവന് തോന്നുന്നത് എന്തെല്ലാമായിരിക്കും?

പറഞ്ഞുനോക്കൂ, കൂട്ടുകാർക്ക് പറയാനുള്ളതുകൂടി കേട്ടശേഷം എഴുതാം.

## ഉണ്ണിക്കുതൂഹലം

'ഒന്നുമില്ലല്ലോ ചിറകിന്നൊലിയല്ലാ,
തുണ്ണിക്കു തോന്നുന്നു പാടാൻ!'

ഏറെ സന്തോഷമുള്ളപ്പോൾ നാം പാടും, ആർത്തുവിളിക്കും. ഉണ്ണിയെപ്പോലെ സന്തോഷത്തോടെ പാടിയ, ആർത്തുവിളിച്ച അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടായിട്ടില്ലേ?

ക്ലാസിൽ പങ്കുവയ്ക്കൂ.

## കവിതയിലെ കാഴ്ച

'ചുടുന്നതില്ലീ ചെറുതീയതൊന്നുമേ,
കെടുന്നുമില്ലീ മഴയത്തുപോലുമേ!'

കുമാരനാശാൻ

എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നതെന്ന് പറയാമോ?

ഇതുപോലെ കവിതയിൽ സൂര്യനെക്കുറിച്ച് പറയുന്ന വരികൾ കണ്ടെത്തിച്ചൊല്ലൂ.

പാഠഭാഗത്തുനിന്നും നിങ്ങൾക്കറിയാവുന്ന മറ്റു കവിതകളിൽനിന്നും സമാനപ്രയോഗങ്ങൾ കണ്ടെത്തി എഴുതൂ.

## കാവ്യഭാഷ

സാധാരണ ഭാഷയും കാവ്യഭാഷയും വ്യത്യസ്തമാണ്.

ഈ ഉദാഹരണം നോക്കൂ.

| | | |
|---|---|---|
| ചെന്തീയുടുപ്പിട്ട സൂര്യൻ | : | കഠിനമായ ചൂടും വെളിച്ചവുമുള്ള സൂര്യൻ |
| ................................................ | : | ................................................................................... |
| ................................................ | : | ................................................................................... |

കവിതയിൽനിന്നും സമാനമായ കാവ്യഭാഷാപ്രയോഗങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

### യാത്ര പോകാം

ഇനി നമുക്കൊരു യാത്ര പോയാലോ?

എവിടേക്കാണ് പോകേണ്ടത്? എന്തെല്ലാമാണ് കാണേണ്ടത്?

സംഘമായി ചർച്ച ചെയ്ത് ഒരു സ്ഥലം തെരഞ്ഞെടുക്കുക.

യാത്രപോകുന്ന കാര്യം ഡിജിറ്റൽ പോസ്റ്റർവഴി എല്ലാവരേയും അറിയിക്കുക. പോസ്റ്റർ ക്ലാസ് വാട്സാപ് ഗ്രൂപ്പിൽ പങ്കുവയ്ക്കാൻ മറക്കരുത്.

യാത്ര കഴിഞ്ഞ് എല്ലാവരും ലഘുയാത്രാവിവരണം തയ്യാറാക്കുമല്ലോ.

### പദപരിചയം

| | | |
|---|---|---|
| അഗാധത | - | ആഴം |
| അസഹ്യം | - | സഹിക്കാൻ കഴിയാത്തത് |
| ആളുക | - | ജ്വലിക്കുക |
| ഇരമ്പം | - | മുഴക്കം |
| ഉദ്വേഗജനകം | - | ഭയവും ആകാംക്ഷയും ജനിപ്പിക്കുന്നത് |
| ഉറ്റുനോക്കുക | - | സൂക്ഷിച്ചുനോക്കുക |
| കൺനട്ട് | - | കണ്ണുറപ്പിച്ച് |
| കളഗാനം | - | മധുരമായ പാട്ട് |
| കവല | - | മൂന്നോ നാലോ റോഡുകൾ കൂടിച്ചേരുന്ന സ്ഥലം |
| കൂര | - | കുടിൽ, ചെറിയ പുര |
| കൊല്ലി | - | മലയിടുക്ക് |
| ചിന്നിയ | - | ചിതറിയ |
| ചെങ്കുത്തായ | - | കുത്തനെയുള്ള |
| തൂവെള്ള | - | നല്ല വെള്ള |
| തൊണ്ണ് | - | മോണ |
| ദൃശ്യം | - | കാഴ്ച |

| | |
|---|---|
| നാൽവർ | - നാലുപേർ |
| നിത്യവേല | - ദിവസവും ചെയ്യുന്ന ജോലി |
| നിരത്ത് | - വഴി, റോഡ് |
| നിശ്ശേഷം | - ബാക്കിവയ്ക്കാതെ |
| നൂലിട | - നൂൽ കടക്കാനാവുന്ന (വളരെ ചെറിയ) വിടവ് |
| നേരമ്പോക്ക് | - തമാശ |
| പടലം | - കൂട്ടം |
| പ്രതീതി | - തോന്നൽ |
| മഗ്നം | - പതിഞ്ഞത് |
| മന്നിടം | - ഭൂമി |
| വാരൊളി | - നല്ല ശോഭ |
| വിദൂരവീക്ഷണം | - അകലേയ്ക്കുള്ള നോട്ടം |
| വിസ്മയം | - അത്ഭുതം |
| വെക്കം | - വേഗം |
| വേനൽപ്പൂട്ട് | - വേനലവധി |
| ശൈത്യം | - തണുപ്പ് |
| സർപ്പശിരസ്സ് | - പാമ്പിന്റെ തല |
| ഹരിതാഭം | - പച്ചപ്പിന്റെ ഭംഗിയുള്ള |



# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***